Registered No. M-4485 Madras War Review, Malayalam—24-3-1944

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] മദിരാശി: 1944 മാർച്ച് 24-ാംനു, വെള്ളിയാഴ്ച [ലക്കം 29



## ഉജ്ജ്വലമായ സൈന്യസേവനം

★

ഹുക്കോങ് തീരത്തിലെ ദ്രുതഗതിയിലുള്ള നിങ്ങളുടെ പുരോഗതിയും, ശത്രുവിനോടു തുടരെയുള്ള അനവധി ഏററുമുട്ടലുകളിൽ നേടിയിട്ടുള്ള വിജയങ്ങളും നിങ്ങൾക്കു ബഹുമതിയും പ്രഖ്യാതിയും നേടിത്തരുന്നുണ്ടു്.

ദുസ്തരമായ ഒരു രാജ്യത്തു്, പ്രബലനായ ഒരു ശത്രുവോടാണു് നിങ്ങൾ നേരിടുന്നതെങ്കിലും, ആ ശത്രുവിനെ കീഴടക്കുകയും, അയാളുടെ സജ്ജീകരണാദികളെ അതിഗമിക്കുകയുംതന്നെയാണു് നിങ്ങൾ ചെയ്യുന്നതു്. കുറച്ചുമുൻപു മെയിങ്ങ്ക്വാൻ-വലോബം പ്രദേശങ്ങളിൽവെച്ചു് ശത്രുവിന്റെ ഏററവും ശക്തവും പരിപക്വവുമായ സൈന്യവിഭാഗങ്ങളുടെമേൽ നിങ്ങൾ പ്രശസ്തമായ വിജയം നേടി.

എന്തിനു്, ശരിയായ പിൻബലത്തോടും വിമാനസൈന്യത്തിന്റെ സഹകരണത്തോടുംകൂടി വിജയം സാധ്യമെന്നും, ജയിക്കുകതന്നെ ചെയ്യുമെന്നുമുള്ള ദൃഢബോധത്തോടുകൂടി നിങ്ങൾ ഇനിയും മുൻപോട്ടു ത്വരിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

ലെഡൊ നിരത്തുകളിൽകൂടി തള്ളിക്കയറി, ലെഡോ അതിർത്തിയിൽ പോരാടുന്ന നിങ്ങൾക്കു്, നമ്മുടെ പൊതുവിജയത്തിൽ ഉജ്ജ്വലമായ ഒരു ഭാഗമാണുള്ളതു്.

ജനറൽ സ്റ്റിൽവെല്ലിന്റെ ധീരമായ നേതൃത്വത്തിൻകീഴിൽ നിങ്ങൾ പ്രത്യക്ഷപ്പെടുത്തിയ ധൈര്യവും ഓജസ്സും എന്റെ കഴിഞ്ഞ സന്ദർശനവേളയിൽ ഞാൻതന്നെ നേരിട്ടു കണ്ടു. നിങ്ങളോടൊന്നിച്ചു കഴിച്ചുകൂട്ടിയ ദിവസങ്ങൾ ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നതായിരിക്കും.

—ലോർഡ് മൌണ്ട്ബാററൻ, ഉത്തര ബർമ്മയിലെ ആക്രമണം സംബന്ധിച്ച ഒരു സന്ദേശത്തിൽനിന്നു, മാർച്ച് 20-ാം തിയ്യതി

വിഷയവിവരം


| | ഭാഗം |
|---|---|
| ഉജ്ജ്വലമായ സൈന്യസേവനം | 1 |
| വർത്തമാനച്ചുരുക്കം | 2 |
| കുറിപ്പുകൾ | 3, 4 |
| പ്രത്യേക ലേഖനങ്ങൾ : ഫിൻലണ്ടും റഷ്യയും, നാസികളും ഹങ്കറിയും, ഇറ്റലി, കിഴക്കൻ രംഗം ബർമ്മ | 5, 6 |
| ജയിക്കാനെന്തും ചെയ്യുവിൻ | 7, 8 |
| തലശ്ശേരി ശ്രീ ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവവും സമരമുന്നണി പ്രദർശനവും | 9 |
| ഒരു സങ്കല്പ സംഭാഷണം | 10 |
| പാലാട്ടു കോമൻ | 11, 12 |


# വർത്തമാനച്ചുരുക്കം

ആദ്യത്തെ യുദ്ധസേവനാർത്ഥപ്രദർശത്തിൽ 8,000,000 നു മേൽ സന്ദർശകരുണ്ടായിട്ടുണ്ട്. ശരാശരി നോക്കുന്നതായാൽ പ്രതിദിനം ഏകദേശം 100,000 ആളുകളെന്നു കണക്കാക്കാം.

* * *

ബംഗാളിലെ ക്ഷാമനിവാരണാർത്ഥം കഴിഞ്ഞ മൂന്നു മാസങ്ങളിലായിട്ടു 1,000,330 മണ്ട് ഭക്ഷണസാധനങ്ങൾ പട്ടാളക്കാർ തന്നെ സ്ഥലത്തു എത്തിച്ചിട്ടുണ്ട്. ഇതിലേക്കു ഭൂഗോളത്തിന്റെ ചുറ്റളവിന്റെ ഏകദേശം 15 പങ്കു വരുന്നതായ 370,000 മൈൽ ദൂരത്തോളം വാഹനങ്ങളുടെ സഹായവും വേണ്ടിവന്നിട്ടുണ്ട്.

* * *

"ഒരണപ്രസ്ഥാനം" എന്നൊരു സഹായധനാഗമമാർഗ്ഗം 'റെഡ്ക്രോസ്' സംഘത്തിന്റെയും 'സെൻറ ജോൺ' ന്റെയും സഹായാർത്ഥം കോലാപ്പൂറിലും ദക്കിണാപഥരാജ്യങ്ങളിലും കുറച്ചു മുമ്പു ആരംഭിച്ചു. സാധുകുടുംബങ്ങളിൽനിന്നും, കടകളിൽനിന്നും, സ്കൂളുകളിൽനിന്നും ആപ്പീസ്സുകളിൽനിന്നു, ക്ലാർക്കരിൽനിന്നും, ഭൃത്യന്മാരിൽനിന്നും, മററുമാണ് ധനാശേഖരം നടത്തിയതു്. ഏററവും ഗതികെട്ടവക്കു പോലും ഇതിലേക്കു എന്തെങ്കിലും കൊടുക്കണമെന്നു താല്പര്യമുണ്ടായിരുന്നു. ശേഖരിച്ച ധനം യുദ്ധത്തടവുകാരായ ഇന്ത്യൻ പട്ടാളക്കാർക്കു ബങ്കികളയക്കാനാണു വിനിയോഗിച്ചതു്.

## ഓംഗോളിലെ വിമാനസൈന്യ നേതാവ്

ഗുണ്ടൂർ ജില്ലയിലുൾപ്പെട്ട ഓംഗോളിലെ ബി. ആർ. റാവു എന്ന ഇരുപത്തൊമ്പതു വയസ്സു പ്രായമുള്ള വിമാനസൈന്യനേതാവു, ഇന്ത്യൻ വിമാനസേനയിൽചേർന്ന് ബർമ്മയിലുള്ള ജപ്പാൻകാരുടെ ഗതാഗതസൌകര്യങ്ങളെ തകർക്കുന്ന തന്റെ പ്രഥമവും പുളകിതവുമായ ഉദ്യമത്തിലേർപ്പെട്ടിരിക്കുകയാണ്.

ഗുണ്ടൂർ ജില്ലയിൽനിന്നു ആദ്യമായി ഇന്ത്യൻ വിമാനസേനയിൽ ചേർന്ന ആളെന്ന നിലയിൽ അദ്ദേഹം പറയുന്നതു പ്രകാരമാണ്—

"ഞാൻ വടക്കു-പടിഞ്ഞാറൻ പ്രദേശങ്ങളിൽ ആക്രമണങ്ങളിലേർപ്പെട്ടിരുന്നു. പക്ഷെ, ബർമ്മയിലെ പ്രകൃതിരമണീയമായ ഈ വനരംഗങ്ങളിൽ പറക്കുവാനാണ് എനിക്ക് കൂടുതൽ ഇഷ്ടം. ഈ പുതിയ രംഗത്തിൽ എത്തിയതിന്നുശേഷം ഞാൻ ജപ്പാൻകാരുമായി പല ആക്രമണങ്ങളിലേർപ്പെടുകയും അവരുടെ ഗതാഗതസൌകര്യങ്ങളെ വെടിവെച്ചു നാശപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ ദിവസം അവരുടെ പതിനഞ്ചു വമ്പിച്ച സാമാനവാഹനങ്ങൾ ഒരു നിരത്തിൽക്കൂടി പോകുന്നതു കണ്ടു. ഞാൻ പല പ്രാവശ്യം അവയുടെ നേരെ വെടിവെച്ചു. ആ വാഹനങ്ങളിലുണ്ടായിരുന്നവർ പുറത്തു ചാടി. അവരിൽ ചിലർ കൊല്ലപ്പെടുകയും ചെയ്തു."


## ഹിററ്ലരും മുസ്സോളിനിയും പേനാസ്റ്റാണ്ടുകൾ

ഹിററ്ലരുടെയും മുസ്സോളിനിയുടേയും വടിവലുള്ള പേനാസ്റ്റാണ്ടുകൾ ചിങ്കൽപേട്ടയിലെ സെൻറു ജോസഫ്സ് സ്കൂളിൽ നിർമ്മിച്ചു വെച്ചിരിക്കുന്നു. ഒരു ജോടിക്കു വില 1 ക., ഒന്നിനു 8 ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം :—

**The Principal and Correspondent,**
*St. Joseph's High School,*
*Chingleput.*



## ചെറിയ സമ്പാദ്യ പദ്ധതി

(സ്മാൾ സേവിംഗ് സ്കീം)

**(Small Savings Scheme)**

ഈ പദ്ധതി ഇന്ത്യയുടെ ഉദ്ധാരണത്തിന്നായിട്ടുള്ളതാണ്, അല്ലാതെ യുദ്ധകാര്യാർത്ഥമായ ഒന്നല്ല.

ഇന്ത്യ സമ്പൽസമൃദ്ധയാകണം. ഇന്ത്യയിലെ ജനങ്ങൾ കഴിവുപോലെ ചെലവു ചുരുക്കുകയും സമ്പാദിക്കുകയും ചെയ്താൽ ഇന്ത്യ സമ്പൽസമൃദ്ധയാകും.

ദേശീയ സമ്പാദ്യ പത്രങ്ങൾ വാങ്ങുക


## ചീനരുടെ സംഭാവന

വിശാഖപട്ടണം ജില്ലയിലെ ദുരിതനിവാരണത്തിന്നായി

ഈ സംസ്ഥാനത്തിലെ ദുരിതനിവാരണത്തിന്നായി ചീനർ നൽകിയ ഉദാരസംഭാവനയായ 20,000 ഉറുപ്പിക വിശാഖപട്ടണത്തിൽ ഇക്കഴിഞ്ഞ കൊടുംകാററിലുണ്ടായ ദുരിതങ്ങൾ പരിഹരിക്കാനും ബർമ്മയിൽനിന്നു വന്ന അഭയാർത്ഥികളെ സഹായിക്കാനുമായി വിനിയോഗിക്കണമെന്നു ബഹുമാനപ്പെട്ട ഗവർണ്ണർ നിർദ്ദേശിച്ചിരിക്കുന്നു.

അതിന്റെ വിവരണം ഇപ്രകാരമാണ് :—

| | ക. |
|---|---|
| ചിക്കാക്കോൾ താലൂക്കിൽ : വസ്ത്രങ്ങൾ സൌജന്യമായി വിതരണം ചെയ്വാനും, കടലോരങ്ങളിലെ മലമ്പനികൊണ്ടുകൂടി കഷ്ടപ്പെടുന്ന ഗ്രാമങ്ങളിൽ അരിവിതരണത്തിന്നുമായ . | 10,000 |
| ശ്രീപുറൻപള്ളി താലൂക്കു : വസ്ത്രങ്ങൾ സൌജന്യമായി വിതരണം ചെയ്യുന്നതിന്നായി | 4,000 |
| ബർമ്മയിലെ അഭയാർത്ഥികൾക്കായി വിശാഖപട്ടണത്തിലുള്ള പോംബ ക്യാമ്പുകളിൽ : സുഖസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനായും വസ്ത്രങ്ങൾ സൌജന്യമായി വിതരണം ചെയ്യുന്നതിന്നായും. | 6,000 |

യൂറോപ്പിന്റെ മുഴുവൻ, വിശേഷിച്ച്, ഹിറ്റ്ലറുടെ അനുചരരാജ്യങ്ങളായ ഹങ്കേറി, ബൾഗേറിയ, റുമേനിയ ഇവയുടെ, ദൃഷ്ടി ഫിൻലണ്ടിലാണ് പതിഞ്ഞിരിക്കുന്നത്. ഫിൻലണ്ടും റഷ്യയും തമ്മിൽ നടന്നുവരുന്ന സമാധാനാലോചനകളുടെ ഫലമെന്തെന്നു അവരെല്ലാവരും ആകാംക്ഷയോടെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ ആലോചനകളെപ്പറ്റി വാർത്താകേന്ദ്രങ്ങളിൽ പല ഊഹാപോഹങ്ങളുമുണ്ടായിട്ടുണ്ട്. റഷ്യയുടെ നിബന്ധനകൾ ഫിൻലണ്ട് നിരാകരിച്ചു എന്നു കേട്ടു. നെൽസിംകി ലേഖകൻ പറയുന്നത് ഇപ്രകാരമാണ്: "കൂടിയാലോചന നടത്തുവാനുള്ള സന്നദ്ധതയെ ഫിൻലണ്ട് പ്രഖ്യാപനം ചെയ്തിട്ടുണ്ട്. പക്ഷെ, നിശ്ചിതമായിട്ടുള്ള റഷ്യൻ നിബന്ധനകൾ സ്വീകാര്യമല്ലെന്നു അതേ സമയംതന്നെ പ്രസ്താവിച്ചിട്ടുമുണ്ട്. ഈ മറുപടി ലഭിച്ചാൽ റഷ്യക്കാർ തിരിച്ചടി തുടങ്ങും. സ്വീഡനിലെ വർത്തമാനക്കടലാസ്സുകൾ, റഷ്യയും ഫിൻലണ്ടുമായി സന്ധിയാവണമെന്ന് ഉൽക്കണ്ഠാപൂർവ്വം സൂചിപ്പിച്ചിരുന്നു. റഷ്യയുമായുള്ള സന്ധിയെ തടസ്സപ്പെടുത്തുന്ന എന്തോ ചില ശക്തികൾ ഫിൻലണ്ടിലുണ്ടെന്നു അവർ വിചാരിക്കുന്നു." സ്വീഡനിലെ "മിട്ഡാഗ്" എന്ന കമ്മ്യൂണിസ്റ്റ് പത്രത്തിൽ ഇങ്ങിനെ പറയുന്നു: "ഈ നില ദുർഘടമാണെന്നു ഞങ്ങൾക്കറിയാം. പക്ഷെ ഓരോ ദിവസം താമസിക്കുംതോറും അത് പത്ത് മടങ്ങ് കൂടുതൽ മോശമാകും." റഷ്യയുടെ നിബന്ധനകൾ അംഗീകരിക്കുന്നത് ഫിൻലണ്ടിലെ ആളുകൾക്കു വളരെ ഗുണകരമാകുമെന്നുമാത്രമല്ല, സ്വീഡനിൽ അനുഭവപ്പെടുന്ന പല

# ആഴ്ചക്കുറിപ്പുകൾ

സൈന്യക്കോട്ടകളും നീങ്ങുന്നതുമായിരിക്കുമെന്നും പ്രസ്തുത പത്രം നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശത്തെ നിരാകരിക്കുകയും, സമരസംഭവങ്ങൾ തന്നെ ഭാവിയെ രൂപീകരിക്കട്ടെയെന്നുവെക്കുകയും ചെയ്യുകയാണെങ്കിൽ ഉണ്ടാകുമെന്നു തീർച്ചയുള്ളതായ ബോത്നിയ യുദ്ധവും, സ്വീഡനാക്രമണവും ഈ സന്ധികൊണ്ട് നിവാരണം ചെയ്യാം. സ്വീഡൻകാരുടെ താല്പര്യങ്ങളെ സംബന്ധിച്ച വേറൊരു സംഗതിയെപ്പറ്റിയും ആ പത്രം സ്പർശിച്ചിട്ടുണ്ട്. ബാൾട്ടിക്ക് രംഗത്തിലെ വിവിധ മാറ്റങ്ങളെപ്പറ്റി വിമർശിച്ചുകൊണ്ടുള്ള ഒരു ലേഖനത്തിൽ, ഫിൻലണ്ട് സന്ധി സ്വീകരിക്കുകയും ലിത്വാനിയ, എസ്തോണിയ, ലാറ്റ്വിയ തുടങ്ങിയ പ്രദേശങ്ങൾ റഷ്യ കൈവശമാക്കുകയും ചെയ്യാൽ സ്വീഡന്റെ ചുറ്റുമായി നില്ക്കുന്ന ജർമ്മൻ വലയത്തെ അറുക്കുവാൻ കഴിയുമെന്നു കാണുന്നു. ഇങ്ങിനെയായാൽ ജർമ്മൻ കപ്പൽഗതാഗതത്തെ എതിരിടുവാൻ റഷ്യക്കാർക്കു സാധിക്കും. യുദ്ധാനന്തരം റഷ്യൻ ഐക്യസംഘം (Soviet Union) മിക്കവാറും ബാൾട്ടിക്കിലെ അധിപതിയായും ജർമ്മൻകാർ അഗണ്യരായും തീരുമെന്നുകൂടി ആ പത്രം കുറിക്കുന്നു. കിഴക്കൻ (ബാൾട്ടിക്കു കടലിന്നിപ്പുറമുള്ള) പ്രദേശങ്ങളുമായുള്ള ഗതാഗതസൌകര്യങ്ങൾ അടുത്ത കാലത്തു വീണ്ടെടുക്കുവാൻ കഴിഞ്ഞാൽ, സ്വീഡനിലെ വ്യവസായം റഷ്യയിലെ അങ്ങാടികളിൽ വേഗം എത്തിച്ചേരും.

ജനറൽ ഡീറ്റിൽ (Deitle)ന്റെ സൈന്യങ്ങളില്ലായിരുന്നെങ്കിൽ ഫിൻലണ്ട് സഖ്യശക്തികളുമായി സമാധാനഉടമ്പടി ചെയ്യുമായിരുന്നു. ഇപ്പോഴത്തെ നില ഏതാണ്ടിപ്രകാരമാണ്: റഷ്യയുമായി സന്ധി ചെയ്യാൽ ജർമ്മൻ സൈന്യങ്ങളെ ബന്തവസ്സിലാക്കണം, അതല്ലാത്ത പക്ഷം റഷ്യൻസൈന്യങ്ങൾക്കു അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സൌകര്യങ്ങൾ കൊടുക്കണം. അവസാനംവരെ ജർമ്മൻ സൈന്യങ്ങൾ യുദ്ധം ചെയ്യുകയാണെങ്കിൽ ഫിൻലണ്ട് ഒരു ഘോരമായ റസ്സോ-ജർമ്മൻ യുദ്ധത്തിന്റെ രംഗമായിത്തീരും. എസ്തോണിയയിലേക്കു പെട്ടെന്നു ഒരു റഷ്യൻ പുരോഗമനമുണ്ടാകുന്നതായാൽ ജർമ്മനിയും ഫിൻലണ്ടുമായ സകല ഗതാഗതസൌകര്യങ്ങളും തടയപ്പെടുകയും, ഡീറ്റിൽ തന്റെ സൈന്യത്തെ പിൻവലിക്കേണ്ടിവരികയും ചെയ്യുമെന്നുള്ളതിനാൽ, ഫിൻലണ്ട് ഗവർമ്മേന്റു നേരമ്പോക്കി കഴിയുകയാണെന്നു തോന്നുന്നു. ഇങ്ങിനെ സംഭവിക്കുന്നതായാൽ എല്ലാ വിഷമവും താനേ തീരും.

ഡീറ്റിൽ എന്തുചെയ്യുമെന്നു പരിശോധിക്കുന്നതു രസകരമായിരിക്കും. അയാൾ നോർവ്വെയുടെ വടക്കൻ പ്രദേശത്തേക്കു അവിടത്തെ മോട്ടോർ നിരത്തുകളിൽകൂടി പിൻവലിഞ്ഞേക്കാം; പക്ഷെ, ഇതു അഭിമാനക്ഷയകരമാണ്. അപമാനകരവും ശ്രമകരവുമായ ഒരു പിൻതിരിഞ്ഞോട്ടത്തിന്നേക്കാൾ ഭേദം, എന്തായാലും മുറുക്കിപ്പിടിച്ചുകൊള്ളുകയാണെന്നു ഹിറ്റ്ലർ കല്പിക്കുമായിരിക്കും. അങ്ങിനെയാണെങ്കിൽ, സൈന്യങ്ങളെയെല്ലാം തെക്കുകിടക്കുന്ന ശൂന്യമായ മരുഭൂപ്രദേശങ്ങളിലേക്കും ചളിപ്ര

ദേശങ്ങളിലേക്കും ഒഴിച്ചുവിടുക എന്നുള്ള ദുർഘടമായ ഒരു കാര്യം കൂടി ഉണ്ടു്. ഡീററിലിൻെറ മറെറാരു പന്ഥാവാകട്ടെ, തെക്കു ബോതിനിയ കടലിലുള്ള തൻെറ സ്വന്തം താവളമായ ഓഗ്സ്ലാവിലേക്കു പിൻതിരിയുകയാണു്. സന്ധി ആലോചന നടന്നുകൊണ്ടിരിക്കെത്തന്നെ പക്ഷെ അയാൾ ഇങ്ങിനെ ചെയ്തുകൊണ്ടിരിക്കയായിരിക്കും. അപ്രകാരം ചെയ്യുന്നതിനാൽ അന്യ രാജ്യങ്ങളിലേക്കുള്ള ഒരു കയററുമതി പന്ഥാവു് അടയുകയും, തൽസമയം തന്നെ ആവശ്യമുണ്ടാവുന്നതായാൽ, കപ്പൽകേറാൻ തയ്യാറാവുകയുമായിരിക്കും.

സ്വീഡനിലെ മുൻപു പ്രസ്താവിച്ച വത്തമാനക്കടലാസിലെ ലേഖകനെഴുതിയിരിക്കുന്ന ഈ ഭാഗം ഈ സന്ദർഭത്തിൽ ശ്രദ്ധയോടെ വായിക്കേണ്ടതാണു്.

കഴിഞ്ഞ വസന്തകാലത്തു് പത്രലേഖകന്മാർ ജമ്മനിയുടെ പ്രവത്തനങ്ങളെപ്പററി ഒരു വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഡീററിൽ വൈമനസ്യം കാണിക്കയുണ്ടായി. അതിന്നു കാരണം മൂർമാൻസ്കും (Murmansk) മററും അടുത്തുതന്നെയുണ്ടായിരുന്നതാണു്. കൂടാതെ, ഗതാഗതസൌകര്യങ്ങളും, റഷ്യയുടെ എതിർപ്പും ഒന്നു തക്കതായ കാരണങ്ങളുമായിരുന്നു. എന്നാൽ സൈന്യങ്ങൾക്കു ആഹാരസാധനങ്ങൾ അയക്കുന്നതു തടയുകയാണെങ്കിൽ ഈ സ്ഥിതി പെട്ടെന്നു മാറും. ഡീററിലിനു രണ്ടു മാസത്തേക്കു ആഹാരസാധനങ്ങളുണ്ടു്. പക്ഷെ, ആ രണ്ടു മാസത്തിനകം എന്തുതന്നെ സംഭവിച്ചു കൂടാ? ഒരുപക്ഷെ സകലതും ഉപേക്ഷിച്ചു് മൂർമാൻസ്കിലേക്കു അയാൾ മടങ്ങിയേക്കും. സ്റ്റാഗ്ലാല്ലർ (Staglaller) എന്ന സ്വിസ്പത്രം പറയുന്നതു് വലിയ ഒരു പോരാട്ടം കഴിക്കാതെ ജമ്മൻകാർ ഫിൻലണ്ടു ഉപേക്ഷിച്ചു പോകയില്ലെന്നാണു്. കാരണം, യുദ്ധസാമഗ്രികളുടെ ഉല്പാദനത്തിന്നു അനപേക്ഷണിയമായ പെററ്സാമൊനിക്കൽ യൂനിററ് (Petsamonichel Units) അവിടെയാണെന്നുള്ളതും ഫിൻലണ്ടിൻെറ തീരപ്രദേശങ്ങൾ നഷ്ടപ്പെടുന്നതോടുകൂടി നോർവേയിലും ബാൾട്ടിക്കിലും ഉള്ള തൻെറ സാംയുഗീന സ്ഥിതിക്കു് ഇളക്കം തട്ടുമെന്നുള്ളതും ആണു്.

ബാൾട്ടിക്കിൻെറ ആധിപത്യം ജമ്മൻകാരിൽനിന്നു റഷ്യക്കാക്കു ലഭിക്കുന്നതായാൽ യൂറോപ്പിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ ഭാവിസ്ഥിതിക്കു ഗൌരവമായ വ്യത്യാസമുണ്ടാവുമെന്നുള്ളതുകൊണ്ടാണു് ഫിൻലണ്ടിൽ കഴിയുന്നേടത്തോളം നില്ക്കണമെന്നു ജമ്മൻകാർ ആഗ്രഹിക്കുന്നതു്.

ഫിൻലണ്ടിൻെറ സന്ധികാര്യാലോചനകളിൽ, ഇററലിയുടെ കാര്യത്തിലെന്നപോലെതന്നെ, ഐക്യകക്ഷികളുടെ പരിപൂർണ്ണമായ സഹകരണമുണ്ടായിരുന്നുവെന്നതു രസകരമാണു്. സന്ധിയുടെ വ്യവസ്ഥകൾ മുഖ്യമായി ബ്രിട്ടീഷുകാരുടെയും അമേരിക്കക്കാരുടെയും താല്പര്യങ്ങളെയാണു സ്പർശിച്ചിരുന്നതെങ്കിലും, അദ്യമേതന്നെ റഷ്യൻ ഗവമ്മേണ്ടുമായി ആലോചിക്കുകയും അവരുടെ സമ്മതം വാങ്ങുകയും ചെയ്തിരുന്നു. അതുപോലെതന്നെ ഫിൻലണ്ടുകാരുമായി വ്യവസ്ഥ ചെയ്യുന്നതിനു മുൻപായി റഷ്യൻ വ്യവസ്ഥകളിൽ ബ്രിട്ടീഷുകാരുടെ സമ്മതം വാങ്ങിയിരുന്നു. അമേരിക്കക്കാരുടെ സമ്മതം ചോദിക്കാതിരുന്നതു് അവരും ഫിൻലണ്ടുമായി യുദ്ധം നടക്കുന്നില്ലാത്തതുകൊണ്ടാണു്. റഷ്യയുമായുള്ള സന്ധിവ്യവസ്ഥകൾ ഒടുവിൽ വിടത്തുന്നതായാൽ, ഐക്യനാടുകൾ ഫിൻലണ്ടുമായുള്ള രാഷ്ട്രീയ വേഴ്ചയും വിടുത്തുവാനിടയുണ്ടെന്ന സംഗതി, ഒരു സ്വീഡിഷ് പത്രത്തിൽ ചച്ച ചെയ്തിട്ടുണ്ടായിരുന്നു.

ഇതാ ഫിന്നിഷ് ഗവമ്മേണ്ടു റഷ്യയുടെ സന്ധിവ്യവസ്ഥകൾ നിരാകരിച്ചിരിക്കുന്നതായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഇതു വളരെ കഷ്ടം തന്നെയാണു. ഫിൻലണ്ടിലെ നേതാക്കന്മാർ വളരെ ആപൽക്കരവും വഞ്ചകവുമായ ഒരു കളികളിക്കുകയാണു്. അതു് ഫിൻലണ്ടിൻെറ ഭാവിഭാഗ്യപ്പരീക്ഷയാണെന്നു പറയാം. ഇതുകൊണ്ടു് ഫിൻലണ്ടിനു ലാഭമില്ലെന്നുമാത്രമല്ല നഷ്ടമുണ്ടുതാനും; എന്തുകൊണ്ടെന്നാൽ ഈ നിരാകരണത്തിൻെറ ഫലമായി റഷ്യ ക്ഷമയററു് തൻെറ ഉടമ്പടി പിൻവലിച്ചേക്കും. തൽഫലമായി, ചെമ്പട ഘോരമായ സമരം നടത്തി ഫിൻലണ്ടിനെ അടിമപ്പെടുത്തുകയോ അല്ലാത്തപക്ഷം, തനിക്കു ബാൾട്ടിക്കു രാജ്യങ്ങളുടെ ആധിപത്യം കിട്ടുന്നതുവരെ, റഷ്യ, പെയിപ്പസ് തടാകത്തിൽനിന്നും തെക്കോട്ടും വടക്കോട്ടും ആക്രമണം നടത്തി, ഫിൻലണ്ടിനെ എരിപൊരിക്കൊള്ളുവാൻ വിടുകയോ നിശ്ചയം.

# യുദ്ധസഞ്ചിക

## ആഴ്ചപ്പതിപ്പ്

1944 മാർച്ച് 24-ാംനു, വെള്ളിയാഴ്ച


## ഫിൻലണ്ടും റഷ്യയും

റഷ്യയുടെ സന്ധി വ്യവസ്ഥകൾ ഫിൻലണ്ടു നിരസിച്ചതായറിയുന്നു. ഇതു് യൂറോപ്യൻ യുദ്ധരംഗത്തിൽ പലകോളിളക്കങ്ങളുമുണ്ടാക്കുന്ന ഗൌരവമേറിയ ഒരു സംഗതിയാണു്. ജർമ്മനിയും റഷ്യയും തമ്മിൽ പിണങ്ങാതിരുന്നകാലത്തു റഷ്യ ഫിൻലണ്ടിനെ ആക്രമിച്ചതു എല്ലാവർക്കുമറിയാമല്ലോ. അതിൻെറ പര്യവസാനം രണ്ടു പേർക്കും വിജയകരമായെന്നു പറഞ്ഞുകൂടാ. സ്പെയിൻ ജർമ്മനിയുടെ പുതിയ യുദ്ധസാമഗ്രികളുടെ മാററുരയ്ക്കാനൊരു രംഗമായിരുന്നതുപോലെ, റഷ്യക്കു ഫിൻലണ്ടുമുപകരിച്ചു. അധികം താമസിയാതെ അവയുടെ മൂർച്ച നോക്കാൻ ജർമ്മനി തന്നെ അവസരമുണ്ടാക്കിക്കൊടുത്തപ്പോൾ റഷ്യ അവിടെനിന്നു തൻെറ പ്രവർത്തനരംഗം തെക്കോട്ടു മാററി. ജർമ്മനിയും ഫിൻലണ്ടും അതിന്നു ശേഷം സഖ്യനിലയിലാണു് കഴിഞ്ഞുകൂടിയതു്. എന്നാൽ ഫിൻലണ്ടു ജർമ്മനിക്കു കീഴടങ്ങിയെന്നു പറയാനും നിവൃത്തിയില്ല. ഡെൻമാർക്കിൽ നിന്നു ജർമ്മൻ പാരച്ച്യൂട്ടു സൈന്യങ്ങൾ നോർവേയിലേക്കു ചാടി അവിടെ ഭൂകമ്പമുണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ, ഫിൻലണ്ടുകാർ റഷ്യയുടെ അടികൊണ്ടു ഒന്നു മയങ്ങിക്കിടക്കുകയായിരുന്നു. നോർവേയിൽ നിന്നു ജർമ്മൻ പാരച്ച്യൂട്ടുകാർ അങ്ങോട്ടും പറന്നേക്കുമോ എന്നു ഫിൻലണ്ടു് ഭയാശങ്കയോടേ നോക്കിയിരുന്നു. പക്ഷേ അവർ അങ്ങോട്ടു വന്നില്ല. അതുകൊണ്ടാണു് ജർമ്മനിയെ മിത്രമായി കരുതിയതു്. എന്നാൽ ജർമ്മനിക്കു യൂക്രെയിൻ സംസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പരാജയം റഷ്യയുടെ വർദ്ധിച്ചുവരുന്ന ശക്തിക്കു ഒരു ലക്ഷണമാകയാൽ ആരോടിണങ്ങിയാലാണു് നില്പുക്കള്ളിയുണ്ടാകുകയെന്നൊരു സംശയം അവർക്കു (ഫിൻലണ്ടുകാർക്കു്) ജനിക്കുന്നതാണല്ലോ. ഈ തക്കം നോക്കിയിട്ടു തന്നെയാണു് റഷ്യ സമാധാനവ്യവസ്ഥകൾ അവർക്കയച്ചു കൊടുത്തിട്ടുള്ളതു്. അവ അംഗീകരിക്കേണമെന്നു പ്രസിഡണ്ടു് റൂസ്‌വെൽററും അവരോടുപദേശിച്ചു. സ്വീഡൻ മുതലായ അയൽ രാജ്യങ്ങളും അത്തരത്തിൽ തന്നെ അഭിപ്രായപ്പെടുകയും ഉണ്ടായി. ഈ ഉപദേശങ്ങളൊന്നും വകവെക്കാതെ വ്യവസ്ഥകൾ നിരസിക്കാൻ അവർക്കു ധൈര്യമുണ്ടായതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. അവർക്കു ജർമ്മനിയോടുള്ള ഭയം തീരെ വിട്ടൊഴിഞ്ഞിട്ടില്ലെന്നു അതിൽനിന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു.

പക്ഷെ ഈ നിശ്ചയം അവരുടെ ഭാവിയെ സംബന്ധിച്ചേടത്തോളം ഗുണകരമായിരിക്കുമോയെന്നു് സംശയമാണു്. അമ്പലം വിഴുങ്ങുന്ന പിശാചിന്നു് ഗോപുരം പപ്പടമെന്നു പറഞ്ഞതുപോലെ, ഹിററ്ലരുടെ മഹാസേനയെ ഒരു മാത്രപോലും നില്പാനനുവദിക്കാതെ ഓടിച്ചുകൊണ്ടിരിക്കുന്ന റഷ്യൻകരടിയുടെ ഒരു നഖത്തിന്നുപോലും ഫിൻലണ്ടു് ഇരയ്ക്കു മതിയാകുന്നതല്ല. ജർമ്മൻ ഭ്രതങ്ങളെ യൂക്രെയിൻ സംസ്ഥാനത്തിൽനിന്നു് ഒഴിച്ചതിന്നുശേഷം, വടക്കോട്ടു തിരിച്ചാൽ, പാശുപതാസ്ത്രം കിട്ടിയ അർജ്ജുനനെപ്പോലെയായിരിക്കും വരവു്. അതുവരെ "മനമങ്ങും മിഴിയിങ്ങും" എന്നുള്ള സ്ഥിതിയിൽ ഫിൻലണ്ടു് ഇരിക്കുന്നതായാൽ പരിണാമം അവർക്കനുകൂലമാകുന്ന കാര്യം സംശയമാണു്.

## നാസികളും ഹങ്കേറിയും

യൂറോപ്യൻ രംഗത്തിലെ മറെറാരു വർത്തമാനം ഹങ്കേറിയിൽ ജർമ്മൻസൈന്യം പ്രവേശിച്ചുവെന്നുള്ളതാണു്. ഇതിൽനിന്നനുമാനിക്കേണ്ടതു് അവർക്കു റഷ്യയിൽനിന്നു പിൻവാങ്ങേണ്ടിവന്നുവെന്നാണു്. റഷ്യൻകാരോടുള്ള എതിർപ്പിന്നു ശക്തി കൂട്ടണമെങ്കിൽ അവർക്കു നല്ലൊരു പ്രവർത്തനകേന്ദ്രം ഒരുക്കേണ്ടതായിട്ടുണ്ടു്. അതിലേക്കുള്ള ഗണപതിക്കയ്യാണു് ഹങ്കേറിയിലേക്കുള്ള കയററം. ഇതിനെപ്പററി ചില സംസാരങ്ങൾക്കു് ഹങ്കേറിയിലെ നാവികസേനാനി ഹോർത്തി ഏതാനും അനുചരന്മാരോടുകൂടി ബുഡാപെസ്ററ് വിട്ടു് വെള്ളിയാഴ്ച പോകുകയുണ്ടായി. അയാളേയും കൂട്ടുകാരേയും ജർമ്മനിയിൽ തടവുകാരായി പിടിച്ചുവെന്നാണു് അറിയുന്നതു്. ഹങ്കേറിയൻ സൈന്യം എതിർക്കുന്നുണ്ടെന്നറിയുകയാൽ ഇതവരുടെ അനുമതിയോടുകൂടി ചെയ്തിട്ടുള്ള പ്രയോഗമാണെന്നു പറഞ്ഞുകൂടാ. ആസ്ത്രിയ, ചെക്കൊസ്ലോവാക്കിയ എന്നീ രാജ്യങ്ങളോടു കാണിച്ച നയം തന്നെയാണു് ഹിററ്ലർ ഇവിടേയും പ്രത്യക്ഷമാക്കിയിട്ടുള്ളതു്. റഷ്യ അന്യരാജ്യങ്ങളിൽ പ്രവേശിക്കയില്ലാത്തതുകൊണ്ടു് ജർമ്മനിക്കു് അവിടെ നിർഭയമായി കൂടാമെന്നൊരു സൌകര്യമുണ്ടു്. പോരെങ്കിൽ ഇററാലിയൻ രംഗത്തിലേക്കു് വിമാനം വഴിക്കു് ചില സഹാ

യങ്ങൾ ചെയ്യുവാനും സാധിക്കുന്നതാണ്. അതുകൊണ്ട് ഈ സംഭവം യൂറോപ്യൻ രംഗത്തിലുണ്ടാക്കാവുന്ന പരിണാമം കണ്ടറിയേണ്ടതുതന്നെയാണ്.

## ഇററലി

ഈ രംഗത്തിൽ പോരാട്ടം ഊർജ്ജിതമായുണ്ടെന്നു പറഞ്ഞുകൂടാ. റോം പട്ടണത്തിന്നടുത്തെത്തിയശേഷം ഗതിവേഗം കുറഞ്ഞതുപോലെ തോന്നുന്നു. പക്ഷെ, അടുത്ത പട്ടണമായ കാസ്സിനൊ ഐക്യകക്ഷികൾ തകർക്കാൻ തുടങ്ങിയിരിക്കുന്നു. ഇററാലിയൻ ആക്രമണങ്ങൾകൊണ്ട് രണ്ടു ഗുണമാണുണ്ടായിട്ടുള്ളത്. ഇററാലിയൻ സൈന്യസഹായം ജർമ്മനിക്കില്ലാതായി. അവിടത്തെ വിമാനകേന്ദ്രങ്ങൾ ഐക്യകക്ഷികൾക്കു ഉപയോഗിക്കാനുള്ള സൌകര്യമുണ്ടാകുകയും ചെയ്യും. ജർമ്മൻകാർ റുമേനിയയിൽ അഭയം പ്രാപിച്ചാൽ ഐക്യകക്ഷികൾ ഒത്തുചേർന്ന് അവിടെവെച്ചു ഒന്നു കൊട്ടിയാൽ ജർമ്മൻ സേനയുടെ ഒരു നല്ല വിഭാഗം നശിക്കാതെ തരമില്ല. അവർക്കു രക്ഷപ്പെടാൻ വേറെ മാർഗ്ഗമൊന്നുമില്ല.

## കിഴക്കൻ രംഗം

ശാന്തസമുദ്രത്തിൽ ജാപ്പാൻകാരുടെ പ്രവർത്തനകേന്ദ്രങ്ങൾ കുറക്കുവാനുള്ള അഡ്മിറൽ ചെസ്റ്ററുടെ പരിശ്രമം ഫലിച്ചുവരുന്നുണ്ട്. അഡ്മിറൽറ്റി ദ്വീപുകളിൽ കുടിയേറിപ്പാർപ്പു ആരംഭിച്ചിരിക്കുന്നു. അനവധി അമേരിക്കൻ സൈന്യങ്ങൾ അവിടെ വന്നുചേർന്നിട്ടുണ്ട്. അതോടുകൂടി ന്യൂഗിനിയിൽ റാബോൾ (Rabaul) എന്ന ജാപ്പാൻ കേന്ദ്രത്തിന്നു ഉടവു തട്ടിതുടങ്ങിയിരിക്കുന്നു.

ജാവയിലെ സുറബായ (Sourabaya)യിൽ അമേരിക്കക്കാരുടെ ബോംബുവർഷം ദുസ്സഹമായിതീർന്നിട്ടുണ്ട്.

## ബർമ്മ

ഇവിടെ ഐക്യശക്തികൾക്കു ഗണ്യമായ ചില നേട്ടങ്ങളുണ്ടായിട്ടുണ്ട്. അരക്കാൻ കടൽതീരത്തിൽ ആഫ്രിക്കക്കാരും ബ്രിട്ടീഷുകാരുമായ സൈന്യങ്ങൾ കടൽവഴിയായി വന്നു കയറിയിട്ടുണ്ട്. വിമാനമാർഗ്ഗം പാരച്ചൂട്ടുകാരും കുറെ അപ്പുറത്തായി ഇറങ്ങിയിട്ടുണ്ട്. വടക്കൻ വഴിക്കു ഒരു സൈന്യം തകർത്തുവരുന്നുണ്ട്. ഇവരെല്ലാം ഒന്നിച്ചു കൂടി എതിർത്താൽ അതിന്റെ പരിണാമം ജാപ്പാനു അനുകൂലമായിരിക്കാൻ വഴിയില്ലെന്നുള്ളതു തീർച്ചതന്നെ. ബങ്കാൾ ഉൾക്കടലിൽ ജാപ്പാൻ കപ്പലുകൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് ഒരു കൊല്ലം മുൻപു കടൽവഴി ബർമ്മക്കു സൈന്യം കൊണ്ടുപോകുന്നതു സുകരമായിരുന്നില്ല. ഇപ്പോൾ അതു നിഷ്പ്രയാസം സാധിച്ചതിൽനിന്നു ജാപ്പാൻ നാവികസൈന്യത്തിന്റെ ഒരു വിഭാഗം ഈ കടലിൽനിന്നു പിൻവലിച്ചതായി ഊഹിക്കേണ്ടിയിരിക്കുന്നു. അമേരിക്കയുടെ ആക്രമണം അത്രത്തോളം കർക്കശമായി ശാന്തസമുദ്രത്തിൽ നടക്കുന്നുണ്ടെന്നു താല്പര്യം. നാവികശക്തി അധികമാവശ്യമുള്ളതു ദ്വീപുയുദ്ധങ്ങളിലാണല്ലോ. ഈ രണ്ടു സംഗതികളും ഭാവിഫലം ആശാജനകമാണെന്നു സൂചിപ്പിക്കുന്നുണ്ട്. പക്ഷെ, അതോടുകൂടിത്തന്നെ യുദ്ധം ഇന്ത്യക്കു വളരെ അടുത്ത് എത്തിയിരിക്കുന്നു എന്നുകൂടി നാം ഓർമ്മിക്കണം. ക്യാപ്ടൻ ഹാർവിയുടെ പ്രക്ഷേപണ പ്രസംഗത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ജാപ്പാനുമായുള്ള യുദ്ധത്തിൽ ഒരു വലിയ പങ്ക് ഇന്ത്യ വഹിക്കേണ്ടിവരുമെന്നു ന്യായമായിക്കരുതാവുന്നതാണ്.

## സുബേദാർ സുബ്രഹ്മണ്യത്തിന്റെ വീരകൃത്യം

"തന്റെ ജീവനെ ധീരമായി ബലികൊടുത്തു്, ഒരു ബ്രിട്ടീഷുദ്യോഗസ്ഥനേയും പല വകുപ്പുകളിലുള്ള നിരവധി ഇന്ത്യക്കാരേയും അവർക്കു നിസ്സംശയം നേരിടുമായിരുന്ന മരണത്തിൽനിന്നു രക്ഷിച്ച സുബേദാർ സുബ്രഹ്മണ്യത്തെപ്പററി ഇന്ത്യൻ പട്ടാളക്കാരായ ഞങ്ങളെല്ലാവരും ന്യായമായി അഭിമാനംകൊള്ളുന്നു" എന്നു കാസ്സിനൊ രംഗത്തിൽനിന്നുള്ള ഒരു ലേഖനത്തിൽ കാണുന്നു.

ഒരു ബ്രിട്ടീഷുദ്യോഗസ്ഥനും തന്റെ കീഴിൽ ജോലി ചെയ്തിരുന്നവരും, കീഴടക്കിയ ഒരു സ്ഥലത്തെ ജർമ്മൻ മൈനുകൾ വളരെ മണിക്കൂർ നേരംകൊണ്ട് മാററിക്കൊണ്ടിരിക്കെ, സുബേദാർ സുബ്രഹ്മണ്യം അവരുടെ പുരോഗമനം സൂക്ഷിക്കുവാനിടയായി. ഇങ്ങിനെ ഏതാനും വാര മുന്നോട്ടു പോയപ്പോൾ ഒരു കുന്തക്കാരൻ ഒരു മൈനിന്മേലേക്കു വഴുകി വീണു. മൈനിന്റെ ആഗ്നികസൂചി തെറിക്കുന്നതു സുബേദാർ കേട്ടു.

ഒരു നിമിഷമെങ്കിലും കളയാതെ താൻ ആ മൈനിലേക്കു ചാടിവീണു അതിന്റെ പൊട്ടൽ തന്റെ മേലേററു. അക്ഷണംതന്നെ അയാൾ മരിക്കുകയും ചെയ്തു.

കുന്തക്കാരനും മൈനിലുള്ള ഒരു ചില്ല് തെറിച്ചു മരിച്ചുപോയി. എങ്കിലും, ഏതാനും വാര അകലെ പ്രവൃത്തിയെടുത്തുകൊണ്ടിരുന്ന ബ്രിട്ടീഷുദ്യോഗസ്ഥനുൾപ്പെടെയുള്ള ശേഷമാളുകളെല്ലാവരും പരുക്കേല്ക്കാതെ തന്നെ രക്ഷപ്പെട്ടു.

# ജയിക്കാനെന്തും ചെയ്യുവിൻ: - - - -
# - - - - അധികം അദ്ധ്വാനിക്കുവിൻ

(ക്യാപ്റ്റൻ ഹാർവിയുടെ 1944 മാർച്ച് 14-ാംനു ലെ ആകാശവാണി പ്രഭാഷണം)

ഇംഗ്ലണ്ടിൽ നിന്നുവന്ന ഒരു സ്വകാര്യക്കത്തിൽനിന്നാണ് ഈ വാസ്തവ കഥ. ആയുധശാലയിൽ പണിയെടുക്കുന്ന ഒരാൾ എല്ലാ ദിവസവും ആറര മണിക്കു ജോലിക്ക് എത്താറുണ്ടായിരുന്നു. ഒരു ദിവസം പത്തു മിനിട്ടു താമസിച്ചുപോയി. മേലാൾ (ഫോർമാൻ) പേരും വെട്ടി.

ഫോർമാൻ: നിങ്ങൾ വൈകിവന്നതെന്തുകൊണ്ട് ?

പണിക്കാരൻ: ഞാൻ വ്യസനിക്കുന്നു. പക്ഷേ പരമാർത്ഥം ഇതാണ്. എന്റെ കുട്ടിയെ അവന്റെ മുത്തശ്ശിയെ ഏല്പിക്കേണ്ടിയിരുന്നതു കൊണ്ടാണ്.

ഫോ. മാ.: മുത്തശ്ശിയെ ? ഹേ ! നിങ്ങൾക്കു ഭാര്യയില്ലേ ?

പണിക്കാ: ഉണ്ട്; പക്ഷേ അവൾക്കു ആറു മണിക്കു ആസ്റ്റിൻ കമ്പനിയിലെത്തണം. അതുകൊണ്ടാണ് കുട്ടിയെ അവരുടെ അമ്മയെ ഭരമേല്പിക്കുന്നത്.

ഫോ. മാ.: നിങ്ങളുടെ ഭാര്യക്ക് ആറു മണിക്കും നിങ്ങൾക്കു ആറര മണിക്കും ജോലിക്കു പോകേണ്ടതായിരിക്കേ കുട്ടിയെ എന്തുകൊണ്ടു കുറേക്കൂടി നേരത്തെ മുത്തശ്ശിയുടെ പക്കൽ കൊടുത്തില്ല ?

പണിക്കാ: പക്ഷേ അവരുടെ രാത്രി പണി കഴിയുന്നതു ആറര മണിക്കാണ്.

ഞാൻ ഈ പ്രഭാഷണം പ്രസ്തുത കഥ കൊണ്ടാരംഭിച്ചതിനു കാരണം യുദ്ധോദ്യമത്തിനു നാം എല്ലാവരും ഏർപ്പെടണമെന്നതിനു ഇതു ഒരു നല്ല ഉദാഹരണമായതുകൊണ്ടാണ്. ഈ കുടുംബത്തിന്റെ കഥ ഇംഗ്ലണ്ടിലേയും യൂറോപ്പിലേയും അനേക ലക്ഷം ജനങ്ങളെ പററിയും പരമാർത്ഥമാണ്. ശത്രുവിന്റെ ഏററവും ഭയങ്കരമായ ആക്രമണത്തെ നാം അതിജീവിച്ചു കഴിഞ്ഞിരിക്കുന്നുവെങ്കിലും, ഐക്യകക്ഷികളുടെ വിജയവും നാസികളുടെ പരാജയവും നിശ്ചിതപ്രായമായിട്ടുണ്ടെങ്കിലും; ആ കുടുംബവും അതുപോലെ അനേക ലക്ഷം ജനങ്ങളും, ശാരീരികവും മാനസികവുമായിട്ടുള്ള പ്രയത്നത്തോടുകൂടി ജീവിതസൌകര്യങ്ങളുടെയും സുഖങ്ങളുടെയും ഒരു വലിയ പങ്കു യുദ്ധകാലത്തേക്കു ഉപേക്ഷിച്ചു, നാലു കൊല്ലം മുൻപു ഇരുന്നതുപോലെ തന്നെ അത്യദ്ധ്വാനം ചെയ്യുവരികയാണ്. ഇവിടെയാകട്ടെ, നാം ആകാശവാണി കേൾക്കുന്നു, പത്രങ്ങൾ വായിക്കുന്നു, ചലച്ചിത്രങ്ങൾ കാണുന്നു; നമ്മുടെ സ്നേഹിതന്മാരുടെയും ബന്ധുക്കളുടെയും, ഐക്യകക്ഷികളുടെയും ദൃഢനിശ്ചയം, ധൈര്യം, സ്വാർത്ഥത്യാഗം എന്നിവയെ പുകഴ്ത്തുന്നു. എന്നാൽ നമ്മളാരെങ്കിലും ഇവിടെയും ഒരു യുദ്ധം നടക്കുന്നുണ്ടെന്നുള്ള സംഗതി ഓർക്കുന്നുണ്ടോ ? ആ യുദ്ധമാകട്ടെ—എന്റെ സ്വന്തം അഭിപ്രായമാണേ—ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഇതാ ആരംഭിച്ചിട്ടേയുള്ളൂ.



ക്യാപ്റ്റൻ ഹാർവി

അനവധി ജനങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ട്, യുദ്ധഫണ്ടിലേക്കു ധാരാളം സംഭാവന ചെയ്യുന്നുണ്ട്, വർദ്ധിപ്പിച്ച ആദായനികുതി ആക്ഷേപം കൂടാതെ കൊടുക്കുന്നുണ്ട്, ശമ്പളം കൂടാതെ കണക്കിലധികം ജോലി ചെയ്യുന്നുണ്ട്. അതിനും പുറമെ, ലോകമാസകലം പടർന്നു പിടിച്ചിരിക്കുന്ന ഈ യുദ്ധം കൊണ്ട് അനേക ലക്ഷം ജനങ്ങൾക്കു ആകസ്മികമായി അനവധി അസുഖങ്ങളും ഉണ്ടായിട്ടുണ്ട്. അതായത്, ആഹാരസാധനങ്ങൾ, വിറകു, മററു അത്യാവശ്യ സാമാനങ്ങൾ ഇവക്കു വന്നിട്ടുള്ള ദൌർലഭ്യം, ഗതാഗതത്തിനു പ്രതിബന്ധങ്ങൾ, തങ്ങളുടെ സർവ്വസ്വവും ബലികഴിച്ചു യുദ്ധരംഗങ്ങളിൽ സേവനം ചെയ്യുന്ന സോദരന്മാരേയും മക്കളേയും പററി ഭയാശങ്കൾ. ഇങ്ങിനെയൊക്കെയാണെങ്കിലും, ഒട്ടാകെ ഇവിടെയുള്ളവർ, നാം നേരിട്ടിരിക്കുന്ന യുദ്ധം യൂറോപ്പിലേതുപോലെ അത്ര ഭയങ്കരവും നിഷ്ഠുരവുമാണെന്നുള്ള പരമാർത്ഥം ധരിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. എന്നു തന്നെയല്ല, ഈ യുദ്ധം ഒരുപക്ഷെ കുറേക്കൂടി നീണ്ടേക്കും. നമ്മളിൽ ദൃഢഗാത്രന്മാരായവരെല്ലാം മുൻ പ്രസ്താവിച്ച ആ ഇംഗ്ലീഷു കുടുംബത്തിലെ അംഗങ്ങളെപ്പോലെ അദ്ധ്വാനിക്കാനൊരുങ്ങാത്തപക്ഷം പിന്നെയും കുറേക്കൂടി നീണ്ടുവെന്നുവരാം. അതിന്റെ അവസാനം അതുകൊണ്ടുമായില്ല. എന്തെന്നാൽ ജാപ്പാൻ യുദ്ധം നമ്മുടെ തൃപ്തിക്കും അവരുടെ വിനാശത്തിനുമായി പരിണമിക്കണമെന്നുമാത്രമല്ല, അതുകൊണ്ട് ഈ രാജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതിക്കുണ്ടാകാവുന്ന പരിണാമഭേദങ്ങൾ, സമാധാനത്തിന്റെ സമൃദ്ധം, ഇവയുംകൂടി നല്ലവണ്ണം മനസ്സിലാക്കി, പ്രവൃത്തി പദ്ധതിയിലേക്കു നയിക്കണം. അല്ലെങ്കിൽ, ക്ഷേമവും ഉത്കർഷവും ഉണ്ടാകേണ്ടതിനു പകരം കുഴപ്പവും കഷ്ടപ്പാടുമായിരിക്കും ഫലം.

ഞാൻ കെട്ടുകഥകളിലെ യക്ഷിയല്ല, കുട്ടോടച്ചാത്തന്റെ (വേഴാമ്പലിന്റെ) അനുഭവത്തിൽ എനിക്കു പ്രതിപത്തിയും ഇല്ല. എങ്കിലും നാം ഓരോരുത്തരും ആവുംവണ്ണം പരിശ്രമിച്ചാൽ മാത്രമെ കാര്യസാദ്ധ്യം വരികയുള്ളൂ എന്നു ചിലപ്പോൾ നമ്മെ ഓർമ്മപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നു. അതിനു എനിക്കു ചില കാരണങ്ങളുമുണ്ട്:—

യുദ്ധം കൊണ്ട് നമുക്ക് അസുഖം, അലച്ചിൽ, ദാരിദ്ര്യം, വിശപ്പ്, ദുഃഖം, നഷ്ടം മുതലായ ദുരിതങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അതിലും ഗൌരവമായവ ഇനിയും നമുക്കു നേരിടേണ്ടതായുണ്ട്. യൂറോപ്പിലെ യുദ്ധം രക്തപ്രവാഹത്തിലും നാശത്തിലും അവസാനിക്കാറായി എങ്കിലും, കിഴക്കൻ ശത്രുവുമായി നാം ഇതാ എററുമുട്ടിയിട്ടേയുള്ളൂ. അവൻ രണ്ടു കൊല്ലം മുമ്പാണ് എടുത്തു ചാടിയത്. ആ ചാട്ടത്തിന്റെ ഊക്കു നമുക്കു എത്രത്തോളം അസുഖമായിരുന്നുവോ അത്രത്തോളം അവന്ന് പ്രോത്സാഹകവുമായിരുന്നു. ബർമ്മ, സയാം, ഇന്തോചൈന, അവയുടെ തെക്കുള്ള വലിയ ദ്വീപുകൾ, ഈ സ്ഥലങ്ങൾ ഇന്നു അവന്നധീനമാണ്. അവൻ അനവധി നാവികസങ്കേതങ്ങളും വിമാനകേന്ദ്രങ്ങളും നമ്മിൽനിന്നും അമേരിക്കക്കാരിൽനിന്നും കട്ടെടുത്തു—ഓരോന്നായി അവന്ന് അവ നഷ്ടപ്പെട്ടു വരുന്നുണ്ടെങ്കിലും, അവ കടൽക്കള്ളന്മാരുടെ കൂടുകളായി കുറെക്കാലത്തേക്കു കൂടി ഇരിക്കുന്നതായിരിക്കും. അവന്ന് ഒരു വലിയ സൈന്യമുണ്ട്. ഒരു വമ്പിച്ച നാവികസേനയുണ്ട്. നല്ല അച്ചടക്കവും സമരതാല്പര്യവുമുള്ള ഒരു ദേശീയ സമരനിരയുമുണ്ട്. ചുരുക്കത്തിൽ അവൻ ഒരു കൊടും ശത്രുവാണ്. പരിഷ്കൃത ലോകമെന്നു നാം ഇന്നറിയുന്ന ജനതയുടെ ഒരു നികൃഷ്ടവിഭാഗമായ ആ ആസുര ശക്തിയെ ജനസമുദായത്തിന്റെ നിയമങ്ങൾക്കു വഴങ്ങിച്ച്, അടിപ്പെടുത്തിയാലല്ലാതെ, പൂർവ്വാർദ്ധഗോളത്തിലെ ഒരു രാജ്യക്കാർക്കും സൈ്വരമൊ സമാധാനമൊ ഉണ്ടാകാൻ യാതൊരു വഴിയുമില്ല. നാലര കൊല്ലത്തെ സാന്ദ്രപരിശ്രമം വേണ്ടിയിരുന്നു ജർമ്മനി, ഇററലി, ബൾഗേറിയ, റുമേനിയ, എന്നീ ശക്തികളെ അവരുടെ പാഠത്തിന്റെ ഒരംശം പഠിപ്പിക്കുവാൻ. അവയാകട്ടെ താരതമ്യേന അടുത്തടുത്തുള്ള രാജ്യങ്ങളുമാണ്. ഐക്യശക്തികളിൽനിന്നുള്ള വിദൂരസ്ഥതിതന്നെ ഒരു രക്ഷയായിരിക്കുന്ന ജാപ്പാൻകാരെ പാഠം പഠിപ്പിക്കുവാൻ അതിൽ കുറഞ്ഞ കാലം കൊണ്ട് എങ്ങിനെ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. വിപുലമായ പല പ്രവർത്തനകേന്ദ്രങ്ങളും, അമേരിക്കയെക്കാളും ബ്രിട്ടനെക്കാളും അടുത്ത്, തയ്യാറാക്കേണ്ടതുണ്ട്. അതിൽ പ്രധാനമായതു ഇന്ത്യയാണെന്നാണ് എന്റെ ആന്തരം. നമുക്കു അതിന്നായി പ്രബല

മായ ഒരു നേതൃത്വമുണ്ടു്: തെക്കുകിഴക്കൻ ദേശത്തിന്റെ സൈന്യാധിപൻ അതിന്റെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. പരിഷ്കൃതലോകം ഇതുവരെ നേരിട്ടിട്ടുള്ളതിൽ വെച്ചു് ഏററവും നിഷ്ഠുരനും പ്രബലനുമായ ആ ശത്രുവിന്റെ നേരെ വമ്പിച്ച ഒരു ആക്രമണത്തിന്നു നേക്കുവാൻ പററിയ ഒരു കേന്ദ്രമാണ് ഇന്ത്യാ.

അനേകലക്ഷം ജനങ്ങൾ, അവരുടെ വാഹനങ്ങൾ, അവ ഡിപ്പോവിലേക്കും അതിൽനിന്നും പോയ്ക്കൊണ്ടിരിക്കുക, തീവണ്ടി നിറച്ചു സൈന്യങ്ങളും സാമഗ്രികളും എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും പോയ്ക്കൊണ്ടിരിക്കുക, അനേകം വിമാനങ്ങൾ താവളങ്ങളിൽനിന്നു പറക്കുകയും തിരികെ വരികയും ചെയ്യുക, നിരവധി പടക്കപ്പലുകൾ തുറമുഖങ്ങളിൽനിന്നും പോകുകയും തിരിച്ചുവരികയും ചെയ്തുകൊണ്ടിരിക്കുക, ഡിപ്പോകൾ, പരിശീലനസ്ഥലങ്ങൾ, ആയുധശാലകൾ ഇവയെല്ലാം ഉണ്ടായിരിക്കുക: ഇങ്ങിനെയുള്ള ഒരു സൈനികശക്തികേന്ദ്രത്തിൽനിന്നു വേണം ശത്രുവിന്റെ കണ്ഠത്തിലേക്കു ചാടുവാൻ. ഇതു് ഭൌതികശക്തിയുടെ അല്ലെങ്കിൽ പ്രാഭവത്തിന്റെ ഒരു ശരിയായ, സുഖകരമായ ചിത്രമാണ്. ആത്മവിശ്വാസവും ചാരിതാർത്ഥ്യവും പരസ്പരഭിന്നമാണെന്നോർക്കണം. ഈ പാഠമാണ് നമ്മുടെ നാട്ടുകാരിൽ ഏതാനും പേരെങ്കിലും ഇനിയും പഠിക്കേണ്ടതായിട്ടിരിക്കുന്നതു്.

ഞാൻ വെറുതെ പേടിപ്പിക്കുകയല്ല. ജപ്പാൻകാരുടെ ശക്തി, കടലിലും കരയിലും ആകാശത്തിലും എത്രത്തോളം നീണ്ടുനില്ക്കുമെന്നു് നമുക്കു മനസ്സിലായിട്ടുണ്ടു്. സംതൃപ്തരായിരിക്കുന്നവരോടു എനിക്കു ഒന്നു ചോദിക്കാനുണ്ടു്. തങ്ങളുടെ ദ്വീപുരാജ്യങ്ങളുടെ നാലു ഭാഗത്തുനിന്നും പ്രബലവും കേന്ദ്രീകൃതവുമായ സമ്മർദ്ദം അനുഭവപ്പെടുന്ന ജപ്പാൻ സൈന്യസംഘത്തിലെ ഒരു അംഗമായിരുന്നു നിങ്ങളെങ്കിൽ എന്തുചെയ്യുമായിരുന്നു? നിങ്ങളുടെ രാജ്യത്തിന്റെ രക്ഷാദുർഗ്ഗങ്ങളെ ശത്രുക്കളെതിർക്കുന്നതു് നിങ്ങൾ കണ്ടുകൊണ്ടിരിക്കുമൊ, അതോ ഓടിച്ചെന്നു കഴിയുന്ന നാശങ്ങൾ അവർക്കു വരുത്തി അവരുടെ പരിപാടിയെ അവതാളത്തിലാക്കുമോ? ഇതിനെപ്പററി നല്ലവണ്ണം ആലോചിക്കുന്നതായാൽ, യുദ്ധം നമ്മുടെ കരയ്ക്കു, അല്ലെങ്കിൽ ഈ പട്ടണത്തിലേക്കുതന്നെ, എത്തുകയില്ലെന്നു തീർച്ചയുണ്ടോ? അങ്ങിനെ സംഭവിക്കുന്നപക്ഷം, കരവഴിയായും കടൽവഴിയായും ആകാശമാർഗ്ഗമായും പ്രത്യാക്രമണം ചെയ്തു തിരിക്കാമെന്നുള്ളതുകൊണ്ടു കാര്യമായില്ല. കിഴക്കെ ഇന്ത്യ അന്തംവിട്ട ഒരു ശത്രുവിനെ ആകർഷിക്കുന്ന ഒരു ലക്ഷ്യമാണ്. പിന്നെ വിവരമില്ലാത്തവരും സ്ഥിരനിശ്ചയം കുറഞ്ഞവരും ആയ അനവധി ജനങ്ങളെ രക്ഷിക്കുകയും, അവരുടെ അസ്വാസ്ഥ്യം യുദ്ധപ്രവർത്തനത്തെ തടയാതിരിക്കുകയും വേണമെങ്കിൽ ബുദ്ധിയുള്ള നാമെല്ലാവർക്കും ധാരാളം പ്രവൃത്തിയുണ്ടു്. ദേശീയ സമര നിരയുടെ പ്രധാന ലക്ഷ്യംതന്നെ അതാണ്. അതായതു, അറിവില്ലാത്തവർ, അലസന്മാർ, സംതൃപ്തർ, പരാജയം വരിക്കാനൊരുങ്ങിയവർ, ഇങ്ങിനെയുള്ളവരെയെല്ലാം കാര്യങ്ങൾ മനസ്സിലാക്കി യുദ്ധോദ്യമത്തിലേക്കു് അവരുടെ ശ്രദ്ധ പതിപ്പിച്ചു് ധൈര്യപ്പെടുത്തുകയാണ്. കൂടാതെ സാധാരണക്കാരായ സ്ത്രീപുരുഷന്മാർ രാജ്യത്തിൽ ക്ഷേമബോധം വർദ്ധിപ്പിക്കുവാൻ പലതും ചെയ്യേണ്ടതുണ്ടു്. സ്വാർത്ഥത്യാഗംകൊണ്ടു് അവനവന്റെ സൌകര്യം കുറച്ചും, ചിലവു ചുരുക്കി സമ്പാദിക്കുന്ന സ്വഭാവം ശീലിച്ചും, അതിനെപ്പററി പ്രസംഗിച്ചും, വിലവീർപ്പിന്നെതിരായുള്ള പ്രധാന പദ്ധതിയെ സഹായിക്കുക; ഭടന്മാരുടെ സുഖസൌകര്യങ്ങൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റെഡ് ക്രോസ് മുതലായ പ്രസ്ഥാനങ്ങളിൽ ചേർന്നു പ്രവർത്തിക്കുക; ഐക്യശക്തികളുടെ ആത്മവിശ്വാസത്തിന്നു് ആസ്പദമായ സംഗതികൾ, ഒഴിക്കാൻ നിവൃത്തിയില്ലാത്ത കഷ്ടപ്പാടു, ഗവർമ്മേണ്ടു നിശ്ചയങ്ങളെ സംബന്ധിച്ചു് നിരന്തരപരിശ്രമം, സന്തോഷത്തോടുകൂടിയുള്ള അനുസരണം, യുദ്ധനേതൃത്വത്തിൽ വിശ്വാസം എന്നീ വിഷയങ്ങൾ, അന്തംവിട്ടലയുന്ന സാധാരണ ജനങ്ങൾക്കു് വിവരിച്ചുകൊടുത്തു, ദേശീയ സമരനിരയുടെ പ്രവർത്തനത്തെ സഹായിക്കുക.

ഇവയെല്ലാം വിശദമാകുന്നില്ലായിരിക്കാം. നിങ്ങൾ സമ്പാദിക്കുന്ന പണമൊ ചെയ്യുന്ന പ്രസംഗങ്ങളൊ തുന്നിയുണ്ടാക്കുന്ന കാലുറയൊ അല്ല പ്രധാന കാര്യങ്ങൾ. നിങ്ങളുടെ സ്വന്തം ഉദാഹരണത്തിന്റെ സ്വാധീനശക്തിയാണ് അത്യാവശ്യം. വിശ്രമവേളയെ പ്രതിഫലം കൂടാതേയും ചിലപ്പോൾ നഷ്ടപ്പെട്ടും, സമ്മാനം മോഹിക്കാതേയും, എല്ലാ തരത്തിലുമുള്ള യുദ്ധോദ്യമങ്ങൾക്കായി വിനിയോഗിക്കുവാൻ എത്ര സ്ത്രീപുരുഷന്മാർ തയ്യാറാകുന്നുവൊ, അത്രയും ആപത്ബോധത്തിന്നു് രാജ്യത്തിൽ ശക്തികൂടും: അതാണ് അത്യാവശ്യം. സ്വോദാഹരണശക്തിയാണ് വിജയപ്രദവും സുസ്ഥിരവുമായ രക്ഷാവിശ്വാസത്തിനെ സൃഷ്ടിക്കുന്നതു്.

ഈ പ്രക്ഷേപണത്തിന്റെ തലവാചകം: "അധികം അദ്ധ്വാനിക്കുക" എന്നാണ്. എന്നാൽ ആ ആഹ്വാനം ചില സംഗതികളെ സ്പർശിക്കുന്നില്ലെന്നു് എന്റെ ശ്രോതാക്കളോടു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഈ രാജ്യത്തു എതിർ പക്ഷക്കാരുടെ മുറ എതിർക്കുകമാത്രമാണെന്നുള്ള സിദ്ധാന്തത്തിനെ കണക്കിലധികം മാനിക്കുന്നുണ്ടെന്നു ഞാൻ വിനീതമായി സമ്മതിക്കുന്നു. യുദ്ധകാലത്തു അങ്ങിനെയാവരുതെന്നാണ് എന്റെ വിശ്വാസം. സൃഷ്ടിപരമായ നിരൂപണം എപ്പോഴും ആദരണീയമാണ്. പക്ഷെ, നിരുത്തരവാദത്തോടുകൂടി, ഗവർമ്മേണ്ടിനേയൊ ഒരു കക്ഷിയേയൊ, ഒരാളേയൊ—അതും വ്യക്തിപരമായ ഭാഷയിൽ—അവരുടെ സമാധാനകാലത്തെ നയം നിങ്ങളുടേതിനോടു യോജിക്കുന്നില്ലെന്നുള്ള ഏകകാരണത്താൽ, ഇന്നത്തെപ്പോലുള്ള ആപൽഘട്ടത്തിൽ കർക്കശമായി വിമർശിക്കുന്നതു് അപായകരമായ ഒരു പദ്ധതിയാണെന്നു് ഞാൻ പറയുന്നു. ഇന്ത്യയിലെ പൌരന്മാർ ഈ ഘട്ടം തരണം ചെയ്യേണമെങ്കിൽ—അഭിവൃദ്ധിയുടെ കാര്യം ഇരിക്കട്ടെ—വിജയത്തിലവസാനിക്കേണ്ട ഒരു മഹാ കാര്യത്തിന്നുവേണ്ടി നാം ജീവിക്കുന്ന അന്തരീക്ഷം ഉയർന്ന രാഷ്ട്രീയ ചിന്തയാലൊ, കക്ഷിസിദ്ധാന്തത്താലൊ, മതസമ്മേളനങ്ങളാലൊ, ഒരുപക്ഷെ യുദ്ധോദ്യമസമിതിയാൽതന്നെയൊ ബാധിതമാണെങ്കിലും, അഭിപ്രായങ്ങൾ കാലഗതിയുടെ ആവശ്യമനുസരിച്ചു മിതസ്വരത്തിലും സ്വാത്മശോധനാപരമായും ഇരിക്കേണ്ടതാണെന്നു് മാത്രമെ എനിക്കു പറയാനുള്ളൂ.

## എമർ. പി. പി.

### ഒരു കച്ചവടക്കാരൻ അധികവില ചുമത്തിയാൽ

ഒരു കച്ചവടക്കാരൻ എന്തെങ്കിലും ഒരു സാധനം നിശ്ചിത വിലയിൽ അധികരിച്ച ഒരു വിലക്കു വില്ക്കുന്നുവെങ്കിൽ 1943 ലെ ഹോഡിങ്ങ് ആൻറ് പ്രോഫിററിയറിങ്ങ് പ്രിവെൻഷ്യൻ ഓർഡിനൻസിന്റെ ആറാമത്തെ വകുപ്പനുസരിച്ചു് കുററക്കാരനാണ്. ഇതിൽ ഭക്ഷണസാധനങ്ങൾ പെടുന്നതല്ല. അവയുടെ വില നിശ്ചയിക്കുന്ന നിയമം വേറെയാണ്. പ്രത്യേക നിയമങ്ങളാൽ വിലനിശ്ചയം ചെയ്തിട്ടുള്ള മററു സാധനങ്ങളും ഇതിൽ പെടുന്നതല്ല. ഭക്ഷണസാധനങ്ങളൊ, മററു പ്രത്യേക നിയമങ്ങളാൽ വില നിശ്ചയം ചെയ്ത സാധനങ്ങളൊ അല്ലാത്തതും മേൽപറഞ്ഞ നിയമപരിധിക്കുള്ളിൽ പെട്ടതുമായ സാധനങ്ങളുടെ വില നിശ്ചയിക്കുന്ന രീതി താഴെ പറയുംപ്രകാരമാണ്: വിദേശ സാമാനമാണെങ്കിൽ കപ്പലിൽ നിന്നിറക്കുന്ന സമയത്തു സാമാനത്തിന്നെന്തു് ചെലവായിട്ടുണ്ടൊ അതും 20 ശതമാനവും; അല്ല സ്വദേശ സാമാനമാണെങ്കിൽ അതിന്റെ നിർമ്മാണത്തിന്നെന്തു ചെലവായിട്ടുണ്ടൊ അതും 20 ശതമാനവും; ഇങ്ങനെയാണ് ഒരു സാമാനത്തിന്റെ വില നിശ്ചയതോതു്. ഈ തോതു് തെററിച്ചു ഒരു കച്ചവടക്കാരൻ അധിക വിലക്കു് ഒരു സാമാനം വില്ക്കണമെങ്കിൽ അതിന്നു കൺട്രോളർ ജനറാളുടെ സമ്മതം വേണം. അല്ലെങ്കിൽ അദ്ദേഹമൊ ഗവർമ്മേണ്ടൊ നിശ്ചയിച്ച വില അധികതൊതിൽ ഉള്ളതായിരിക്കണം.

ഒരു സാമാനം വാങ്ങുവാൻ ഷാപ്പിൽ ചെന്ന ഒരാൾക്കു് പ്രസ്തുത സാമാനം കിട്ടേണമെങ്കിൽ മറെറാരു സാമാനവും കൂടി അതോടൊന്നിച്ചു് വാങ്ങുവാൻ ആയാൾ നിർബ്ബന്ധിതനാകുന്നപക്ഷം കച്ചവടക്കാരൻ കുററക്കാരനാണ്.

നിയമം മുഖേന അസാധുവായ ഒരു വില നിങ്ങളുടെ പക്കൽനിന്നു് ഒരു കച്ചവടക്കാരൻ വാങ്ങിയെന്നൊ, നിങ്ങൾക്കാവശ്യമില്ലാത്ത ഒരു സാധനം നിങ്ങളെക്കൊണ്ടു് വാങ്ങിച്ചുവെന്നൊ നിങ്ങൾക്കു് തോന്നുന്നപക്ഷം, ഉടനെ സ്ഥലം കമേർസിയൽ ടാക്സ് ആപ്പീസ്സുക്കു് അറിവുകൊടുക്കുക. മദിരാശി പട്ടണത്തിലാണെങ്കിൽ കമ്മീഷണർ ഓഫ് സിവിൽ സപ്ലൈസിന്നു് അറിവുകൊടുക്കുക.

ഓർമ്മയിലിരിക്കട്ടെ: സാമാനങ്ങൾ വാങ്ങുന്ന ഓരോരുത്തനും താൻ ഒരു ഇൻസ്പെക്ടർ ആണെന്നുള്ള ഭാവനയോടുകൂടി പ്രവർത്തിച്ചാലെ ഈ നിയമം സഫലമാകയുള്ളൂ.

# തലശ്ശേരി ശ്രീ ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവവും സമരമുന്നണി പ്രദർശനവും

## അഭൂതപൂർവ്വമായ സമ്മേളനങ്ങൾ

(ശ്രീമാൻ ടി. എൻ. ചാത്തു, തലശ്ശേരി താലൂക്ക പ്രോപ്പഗാൻഡിസ്റ്റ്)

മനുഷ്യന്റെ ജീവിതത്തിൽ എന്നും വിസ്മരിക്കാൻ നിവൃത്തിയില്ലാത്ത സ്മരണകളെ പ്രദാനം ചെയ്യുന്ന അപൂർവ്വം സന്ദർഭങ്ങളിൽ ഒന്നാണ് തലശ്ശേരി ശ്രീ ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവം. മലബാറിന്റെ നാനാ ഭാഗങ്ങളിൽനിന്നും വമ്പിച്ച ജനാവലിയെ ആകർഷിച്ചുകൊണ്ട കുംഭമാസത്തിലെ വെളുത്തപക്ഷത്തിന്റെ ഒടുവിലത്തെ ആഴ്ച നടന്നുവരുന്ന ഈ ഉത്സവം എല്ലാംകൊണ്ടും വളരെ പ്രാധാന്യം വഹിക്കുന്ന ഒന്നാണ്. ഉത്സവവേളയിൽ വിനോദകരവും വിജ്ഞാനപ്രദങ്ങളുമായ കാഴ്ചകൾ കാൺമാൻ ലക്ഷക്കണക്കായി വന്നുകൊണ്ടിരിക്കുന്ന ജനപ്രവാഹത്തെ ലക്ഷ്യമാക്കി, ദേശീയ സമര മുന്നണി ഒരു വമ്പിച്ച പ്രദർശന കേന്ദ്രം അവിടെ ഈ കൊല്ലവും ഏർപ്പെടുത്തുകയുണ്ടായി.

ഏകദേശം 3,600 ഓളം ചതുരശ്ര അടി വിസ്താരത്തിൽ അതികമനീയമായി അലങ്കരിച്ച ഒരു പന്തൽ ദേശീയ സമര മുന്നണിയുടെ സമ്മേളനങ്ങൾക്കുമാത്രമായി ക്ഷേത്രപരിസരത്തിൽ തയ്യാറാക്കിയിരുന്നു. പന്തലിന്റെ ഒരററത്ത് ഏർപ്പെടുത്തിയിരുന്ന അലങ്കരിച്ച നാടകവേദിയും അതിന്റെ ഇരുപാർശ്വങ്ങളിൽ ഉള്ള പ്രദർശന ഹാളും സാധനസാമഗ്രികളുടെ സൂക്ഷിപ്പുമുറിയും കേന്ദ്രത്തിന്നു പ്രത്യേകം ആകർഷകത്വം നല്കിയിരുന്നു.

### സമ്മേളനങ്ങൾ :

മാർച്ച് 7-ാം തിയ്യതി വടക്കെ മലയാളം സബ്ബ് കലക്ടർ മി. പി എം. ജയരാജൻ, ഐ. സി. എസ്സ്., പ്രദർശനം ഉൽഘാടനം ചെയ്തു. അന്നു തന്നെ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൻ കീഴിൽ നടന്ന വമ്പിച്ച പൊതുയോഗത്തിൽ ശ്രീമാൻ കെ. എം. കെ. നായർ, എം.എ., ബി.എൽ., ജനാബ് എം. വി. ആലിക്കോയ എന്നീ മാന്യന്മാർ ഉജ്ജ്വലവും സാരഗർഭവുമായ പ്രസംഗങ്ങൾ ചെയ്തു. തുടർന്നുണ്ടായ ശ്രീമാൻ കെ. ആർ. കൃഷ്ണന്റെ കഥാപ്രസംഗവും, ശ്രീമതി ലക്ഷ്മിക്കുമാരിയുടേയും പാർട്ടിയുടേയും കാണികളെ പുളകം കൊള്ളിക്കുന്ന വാൾ പയററും, ശ്രീമാൻ ഗോവിന്ദ വാരിയരുടെ ചാക്യാർ കൂത്തും വിനോദകരമായ മററിനങ്ങളായിരുന്നു. താലൂക്ക ഓർഗനൈസ്സർ ശ്രീമാൻ പി. വി. മുകുന്ദന്റെ നന്ദിപ്രകടനത്തോടു കൂടി അന്നത്തെ സമ്മേളനം പര്യവസാനിച്ചു.

മാർച്ച് 8-ാം തിയ്യതിയിലെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതു മിസ്റ്റർ എച്ച്. കെ. മാത്യൂസ്, ഐ സി.എസ്സ്. (Assistant Director of War Publicity, Madras) ആയിരുന്നു. ശ്രീ നാരായണനുണ്ണി, എം. എ., സാധു ശിവപ്രസാദ്, എം. അശോകൻ എന്നീ മാന്യന്മാരുടെ പ്രഗൽഭമായ പ്രസംഗങ്ങളും, ശ്രീ കെ. ആർ. കൃഷ്ണന്റെ കഥാപ്രസംഗവും, ശ്രീ വാരിയരുടെ പാഠകംകളി (comic) യും അന്നത്തെ മഹായോഗത്തെ വളരെ വിജയകരമാക്കിത്തീർത്തിരുന്നു.


മാർച്ച് 9-ാംതിയ്യതി സബ്ബ് ജഡ്ജി ശ്രീ എ. വി. ബാലകൃഷ്ണ മേനോന്റെ അദ്ധ്യക്ഷതയിൽ ആയിരുന്നു യോഗനടപടികൾ നിർവ്വഹിച്ചിരുന്നത്. വിദ്വാൻ ശ്രീ സൂര്യനെഴുത്തച്ഛൻ, ജനാബ് ആലിക്കോയ എന്നിവരുടെ സരസമായ പ്രസംഗങ്ങൾക്കുശേഷം നടത്തപ്പെട്ട ശ്രീ കെ. ആർ. കൃഷ്ണന്റെ കഥാപ്രസംഗവും, ശ്രീമാൻ വാരിയരുടെ വെളിച്ചപ്പാടും കാണികളെ കണക്കിലേറെ വിനോദിപ്പിച്ചിരുന്നു.

മാർച്ച് 10-ാം തിയ്യതിയിലെ സമ്മേളനം സ്ത്രീസമ്മേളനമായാചരിച്ചിരുന്നതുകൊണ്ട് അന്നത്തെ യോഗനടപടികളിൽ പ്രധാനപങ്ക് വഹിച്ചിരുന്നത് സ്ത്രീകൾതന്നെയായിരുന്നു. മിസിസ്സ് ഫിക്ലിങ്ങ് (കൊഴിക്കോട്ട) ആയിരുന്നു യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചിരുന്നത്. മിസ്സ്. എ. എം. കാർത്ത്യായനി, ബി. എ., എൽ. ടി., മിസിസ്സ് ശിവപ്രസാദ് എന്നീ മഹതികളുടെ സരളമധുരമായ പ്രസംഗങ്ങളും, ശ്രീ കെ.ആർ. കൃഷ്ണന്റെ കഥാപ്രസംഗവും കഴിഞ്ഞതിന്നു ശേഷം "താസിൽദാരുടെ വിക്രമത" എന്ന പ്രഹസനം സമരമുന്നണി പ്രാസംഗികർ വളരെ തന്മയത്വത്തോടുകൂടി അഭിനയിക്കുകയുണ്ടായി. ജൂണിയർ ലേഡിലക്ചറർ മിസ് തോമസ്സിന്റെ അഭിനയം (താസിൽദാരുടെ ഭാര്യയുടെ വേഷം) പ്രത്യേകം പ്രശംസാവഹമായിരുന്നു. മിസ് മറിയം തോമസ്സ്, ബി. എ., എൽ. ടി. യുടെ നന്ദിപ്രകടനത്തോടുകൂടി അന്നത്തെ യോഗനടപടികളും പര്യവസാനിച്ചു.

മാർച്ച് 11-ാം തിയ്യതിയിലെ യോഗം കൂടുതൽ ആഘോഷകരങ്ങളായ ചടങ്ങുകളോടുകൂടിയാണ് നിർവ്വഹിക്കപ്പെട്ടത്. വടകര ഡിസ്ത്രിക്ട് മുൻസീഫ് ശ്രീ സി. രാമുണ്ണി നായർ, ബി. എ., ബി. എൽ., ആയിരുന്നു അന്നത്തെ യോഗത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്നത്. ശ്രീമാൻ എം. അച്ചുതൻ വൈദ്യർ, ബി. എ., ബി. എൽ, ജനാബ് എം. വി ആലിക്കോയ എന്നിവരുടെ ഉജ്ജ്വലഭാഷണങ്ങൾക്കുശേഷം ശ്രീ കെ. ആർ. കൃഷ്ണൻ കഥാപ്രസംഗം നടത്തി. തുടർന്നുകൊണ്ട് ശ്രീമാൻ ബാലൻ ഭാഗവതരുടേയും പാർട്ടിയുടേയും മേളത്തോടുകൂടി മിസ്സ് എം. എ പ്രഭാവതിയും മിസ്സ് എം. എ. സരോജിനിയും നടത്തിയ ശ്രുതിമധുരവും ഹൃദയാവർജ്ജകവുമായ പാട്ടുകച്ചേരി സദസ്യരെ ആനന്ദതുന്ദിലരാക്കിയിരുന്നു എന്നു പറയുന്നതിൽ ഒട്ടും തന്നെ അതിശയോക്തിയില്ല. പ്രദർശനത്തിന്റെയും, പൊതുയോഗങ്ങളുടേയും വിജയത്തിന്നു വേണ്ടി പരിശ്രമിച്ച എല്ലാ മഹതീമഹാന്മാർക്കും താലൂക്ക യുദ്ധപ്രചാരകൻ ശ്രീ ടി. എൻ. ചാത്തു നന്ദി പ്രകടിപ്പിച്ചതോടുകൂടി അന്നത്തെ യോഗവും മംഗളകരമായി പര്യവസാനിച്ചു.

യോഗാനന്തരം അന്നു സിനിമാപ്രദർശനവും ഉണ്ടായിരുന്നു. ഇടക്കു മററുചില ദിവസങ്ങളിൽ മായാദീപപ്രദർശനവും നടത്തപ്പെട്ടിരുന്നു. സമ്മേളനങ്ങളിൽ ഓരോ ദിവസവും ആയിരക്കണക്കായി ജനങ്ങൾ പങ്കെടുക്കുകയും പ്രദർശനം സന്ദർശിക്കുകയും ചെയ്തിരുന്നുവെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

റിഫ്രെഷർ കോഴ്സ്—എന്നാൽ ഈ പ്രദർശനക്യാമ്പിന്നുണ്ടായ മറെറാരു പ്രത്യേകത, ഇതേ അവസരത്തിൽ ഇതോടനുബന്ധിച്ചു മലബാർ ജില്ലയിലേയും ഗൂഡലൂർ താലൂക്കിലേയും പ്രചാരകന്മാർക്ക് ഒരു റിഫ്രെഷർ കോഴ്സ് നടത്തപ്പെട്ടിരുന്നു എന്നുള്ളതായിരുന്നു. മാർച്ച് 6-ാം തിയ്യതി മുതൽ 12-ാം തിയ്യതി വരെ നടത്തപ്പെട്ട ക്ലാസ്സുകൾ എല്ലാംകൊണ്ടും വളരെ വിജ്ഞാനപ്രദങ്ങളും ഉപയോഗകരങ്ങളും ആയിരുന്നു. മദിരാശി വാർ പബ്ലിസിററി അസിസ്റ്റൻറ് ഡയരക്ടർ മിസ്റ്റർ എച്ച്. കെ. മാത്യൂസിന്റെ ഉപയോഗപ്രദമായ ഉപദേശങ്ങളും, ഡിസ്ത്രിക്ട് ഓർഗനൈസർ ശ്രീമാൻ റാവു ബഹദൂർ എം. കുഞ്ഞിരാമൻ നായർ, ബി.എ., അവർകളുടെ സമർത്ഥവും നയചാതുര്യത്തോടുകൂടിയതുമായ നടത്തിപ്പും, റിഫ്രെഷർ കോഴ്സിനെ ഏററവും ഫലപ്രദവും വിജയകരവുമാക്കിത്തീർത്തിരുന്നു. എല്ലാംകൊണ്ടും തലശ്ശേരിവെച്ചു നടത്തപ്പെട്ട പ്രചരണക്യാമ്പും റിഫ്രെഷർ കോഴ്സും വളരെ വിജയകരമായി പര്യവസാനിച്ചുവെന്നു പറയാവുന്നതാണ്.




ടോക്കിയോ സ്വപ്നവും അരാക്കൻ വൃത്താന്തവും

# ഒരു സങ്കല്പ സംഭാഷണം

(സുഭദ്ര)

തിരിഞ്ഞേടത്തും മറിഞ്ഞേടത്തും ഇപ്പോൾ യുദ്ധവർത്തമാനമല്ലേയുള്ളൂ. വിറകിന്നു ക്ഷാമം വന്നപ്പോൾ യുദ്ധം ചിലർ മറന്നു. എന്തുവന്നാലും കുസാലയിൽനിന്ന് ഇറങ്ങാത്തവർ കൂടി പുറത്തിറങ്ങി "എനിക്കു ഒരു ഗ്രൂണ്ടെങ്കിലും വാങ്ങിത്തരുമോ" എന്നു ചില സ്നേഹിതന്മാരോടു ആവശ്യപ്പെടാൻ തുടങ്ങി. റേഷനിങ്ങ് വന്നപ്പോൾ തോണിയിൽ കിടന്നു ഓടീട്ടു ഫലമില്ലെന്നായി. എല്ലാവരും ഒന്ന് അടങ്ങി. ഒരു കൊള്ളിയോ രണ്ടു കൊള്ളിയോ കിട്ടിയതുകൊണ്ടു കഴിഞ്ഞുകൂടാമെന്ന വേദാന്തവും എല്ലാവർക്കും വന്നു. വീണ്ടും യുദ്ധത്തിനെ സ്മരിക്കുവാൻ തുടങ്ങി. ഒരു കൊല്ലം കൊണ്ട് ലോകം മുഴുവൻ എന്റെ കയ്യിലടക്കാമെന്ന് വീരവാദം പറഞ്ഞിരുന്ന ഹിററ്ലർ ഇപ്പോൾ എവിടെ എന്ന് ചിലർ ചോദ്യം തുടങ്ങി. ഇററലിയിലൊ, റഷ്യൻ രംഗത്തിലൊ, അതോ എല്ലാടത്തുമായോ പരക്കം പായുകയേ? പണ്ട് അഭ്യാസികൾക്കു ഒരു വാക്കുണ്ട്: "പതിനെട്ടടവും പരക്കം പാച്ചിലും" എന്ന്. അതിൽ ഹിററലരുടെ പരക്കം പാച്ചിലാണ് തുടങ്ങിയിരിക്കുന്നതു് എന്നു തോന്നുന്നു. ഇങ്ങേത്തലക്കൽ—കിഴക്കൻ രംഗത്തിൽ—ഒരു ടോജോ ഉണ്ടല്ലോ: അയാൾ കൂറയെ തിന്ന പൂച്ച പോലെ ക[illegible]ലായിരിക്കുകയാണ്. വയറു നിറഞ്ഞില്ലെന്നുമാത്രമല്ല അകത്തുപോയതുകൊണ്ടു അനർത്ഥവുമായി: ഛർദ്ദിക്കാനും വയ്യാ—ദഹിക്കുന്നുമില്ല—മറെറാന്നു കടത്താനും തരമില്ല. ഒരുക്കിൽ ചാടിപ്പിടിച്ചതു് നിലനിർത്തുന്നതു എളുപ്പമല്ലെന്നുള്ള ഘട്ടത്തിലായിരിക്കുന്നു. ഉരൽ പ്രായം വിട്ടു് മദ്ദളപ്രായമായിരിക്കുന്നു. ഇടിയും അടിയും രണ്ടു ഭാഗത്തുനിന്നും തുടങ്ങി ഒന്നുകിൽ മദ്ദളം അല്ലെങ്കിൽ കൈ എന്ന സ്ഥിതിയിലെത്തി. കൈ തഴക്കവും തഴമ്പും വന്നതാകയാൽ അതിനെപ്പററ സംശയിക്കാനില്ല. മദ്ദളം പുത്തനാണ്. അടിക്കു കനം കൂട്ടിയാൽ പൊളിയുകയേ തരമുള്ളു.

ഇങ്ങിനെ ഓരോ ആലോചനകൾ തലയിൽ കിടന്നു മറിയുമ്പോഴാണ് ഒന്നുറങ്ങാൻ കിടന്നതു്. കണ്ണടച്ചപ്പോഴും കാര്യത്തിന്നു വ്യത്യാസമൊന്നും ഉണ്ടായില്ല. ആകാശവിമാനങ്ങളുടെ ഇരമ്പലും, ബോംബിന്റെ പൊട്ടലും, ടാങ്കുകളുടെ പാച്ചിലും, "കറുത്ത പ്രഭ്വി" (Black Baroness) എന്ന പുസ്തകത്തിൽ വിവരിച്ച പ്രകാരം സ്വപ്നം കണ്ടു എന്തൊരു ഭയങ്കരാവസ്ഥ. നോർവേ, ഡെന്മാർക്ക്, പോളണ്ട്, ഫ്രാൻസ്, ഈ രാജ്യങ്ങളെല്ലാം നൊടിനേരം കൊണ്ട് ഹിററ്ലർക്കു കീഴടങ്ങിയതു വിചാരിച്ചാൽ അത്ഭുതം തോന്നും. പക്ഷെ, ഹിററ്ലർക്ക് ഒരു രഹസ്യായുധമുണ്ടത്രേ. അതു സ്ത്രീകളാണ്. ആക്രമണത്തിന്ന് കുറെ കച്ചവടക്കാരും സ്ത്രീകളും ജർമ്മനിയിൽ നിന്ന് അതാതു രാജ്യങ്ങളിലെത്തും. സ്ത്രീകൾ കണ്ടാൽ നല്ലവരായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. അവരുടെ സ്വാധീനശക്തി ഇരയായി കരുതിയിട്ടുള്ള രാജ്യത്തിലെ പ്രധാന നേതാക്കന്മാരെയും ഉദ്യോഗസ്ഥന്മാരേയും വലയിട്ടു പിടിക്കും. പിന്നെ അവർ റാക്കു കഴിച്ച ശാക്കേതയക്കോഴിയായി. ഇപ്പോൾ ഈ മാന്ത്രികവൃത്തിയുടെ—അഥവാ മയക്കുപ്രയോഗത്തിന്റെ—ഫലം കുറഞ്ഞിട്ടാണു വരുന്നതു്. ഹിററ്ലരുടെ കിഴക്കൻ ചങ്ങാതിയും ഈ വക തന്ത്രങ്ങൾ നല്ലവണ്ണം അഭ്യസിച്ചിട്ടുണ്ടെന്നാണ് കേൾവി. ശരി: അയാളും ഹിററ്ലരുമായി ഒരു കൂടിക്കാഴ്ച ഉണ്ടായതായി ഞാൻ കണ്ട ഒരു സ്വപ്നമാണ് വിവരിക്കുവാൻ പുറപ്പെട്ടതു്: ടോജോ റഷ്യൻ രംഗത്തിലിറങ്ങി ഹിററ്ലറെ അന്വേഷിച്ചു തുടങ്ങി. അവിടെ കണ്ടു കിട്ടിയില്ല. കണ്ടുകിട്ടുന്ന കാര്യം എളുപ്പമല്ലെന്നു ബോദ്ധ്യവുമായി. വിമാനത്തിൽ മിന്നക്കെട്ടുവന്നിട്ട് കാണാതെ പോകുന്നതു കഷ്ടമല്ലേ? ഇററാലിയൻ രംഗത്തുപോയി നോക്കിയാലോ എന്നൊരാലോചന വന്നു. സേനാധിപസംഘം, സർവ്വസൈന്യാധിപതി എവിടെയാണെന്നു പറയാൻവയ്യെന്നു ഒഴിഞ്ഞുമാറി. "നിർദ്ദേശങ്ങളെല്ലാം ഞങ്ങൾക്കു മുറക്കു കിട്ടുന്നുണ്ട്. എവിടെ നിന്നാണ് ഇതെല്ലാം വരുന്നതെന്നറിഞ്ഞുകൂടാ" എന്നു വേദാന്തഭാഷയിൽ പറഞ്ഞപ്പോൾ, ടോജോ ആ രംഗം വിട്ടു. ഇററലിയിലെത്തിയപ്പോൾ അവിടെ റോമൽമാത്രമേയുള്ളു. റഷ്യൻ രംഗത്തിൽനിന്നു കിട്ടിയതിനേക്കാൾ അധികവിവരമൊന്നും അവിടെനിന്നും കിട്ടുകയുണ്ടായില്ല. ജാപ്പാൻ പ്രധാനമന്ത്രി കുഴങ്ങി. ഹിററ്ലർക്കും ജീവനെ കൊതിയുണ്ട്. താനെവിടെയാണെന്നു നോക്കി ഐക്യവിമാനങ്ങൾ പറക്കുകയാണ്. മുസ്സോളിനിയെ തന്റെ വൈമാനികന്മാർ റാഞ്ചിയ മാതിരി, ഐക്യവൈമാനികന്മാർ തന്നെ വാരിക്കൊണ്ടുപോയാലൊ എന്നൊരു പേടി ഇപ്പോൾ തുടങ്ങിയിട്ടുണ്ടത്രെ. വാസ്തവമല്ലേ? കള്ളനല്ലേ കളവറിയുകയുള്ളു? ഒന്നുകൂടി ചുഴിഞ്ഞ് അന്വേഷിച്ചപ്പോൾ ഹിററ്ലർ ഒരു കാട്ടിലെവിടെയൊ ഉണ്ടെന്നും, അവിടെനിന്നാണ് നിർദ്ദേശങ്ങൾ സൈന്യങ്ങൾക്കു അയച്ചുകൊടുക്കുന്നതെന്നും ഒരു വർത്തമാനം കിട്ടി. ഉടനെ, ആൽപ്സ് പർവ്വതത്തിന്റെ മേൽഭാഗം ലക്ഷ്യമാക്കി പറന്നു. അവിടെ മനുഷ്യവാസത്തിന്റെ ലക്ഷണങ്ങൾ കണ്ടു. ഇറങ്ങി ഹിററ്ലറെ കണ്ടു. കൂടെ ചില പ്രതിരൂപങ്ങളെയും കണ്ടപ്പോൾ സംശയമായി; എങ്കിലും നേരിട്ടുചെന്നു അഭിവാദ്യം ചെയ്തപ്പോൾ ആ മഹാവിക്രമൻ ഒന്നമ്പരന്നു.

ഹിററലർ: തനാര്? ഇവിടെ എങ്ങിനെ വന്നു?

എന്നു അരിശംകൊണ്ടു.

ടോജോ: ജാപ്പാൻ പ്രധാനമന്ത്രി. യാദൃച്ഛികമായി ഇവിടെ എത്തിയതാണ്. അടിയന്തരകാര്യങ്ങൾ സംസാരിക്കാനുണ്ട്.

ഹി: മുൻകൂട്ടി അറിയിക്കേണ്ടതായിരുന്നു.

ടോ: അതിന്നു സമയമുണ്ടായില്ല എന്നു തന്നെയല്ല എതുകക്ഷികളറിയരുതല്ലോ: കാര്യങ്ങളുടെ ഗതി വിചാരിച്ചപോലെയല്ല. ബർമ്മയിൽ ബ്രിട്ടീഷുകാർ കയററം തുടങ്ങിയിരിക്കുന്നു. അമേരിക്ക മറേറഭാഗത്തുനിന്നും അടിതുടങ്ങിയിട്ടുണ്ടല്ലോ. വിമാനങ്ങൾ കുറെ അത്യാവശ്യമായിരിക്കുന്നു.

ഹി: നല്ല സമയത്താണ് നിങ്ങൾ വന്നിരിക്കുന്നതു്. ബർലിനിലും മററും നടന്ന വിമാനാക്രമണങ്ങളെപ്പററി കേട്ടില്ലേ? ഞങ്ങൾക്കു കുറെ വിമാനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. പിന്നെ, റഷ്യയിലും ഇററലിയിലും അവ കൊണ്ടേ വല്ല ജയവും ആശിക്കേണ്ടതുള്ളൂ. അതുകൊണ്ട് ഇവിടെ രണ്ടാലൊന്നു തീർച്ചയാകുന്നതുവരെ കുറെ പ്രയാസമാണ്. പിന്നെ, നിങ്ങൾക്കു കുറെ സ്ഥലങ്ങൾ കയ്യിൽ കിട്ടിയപ്പോൾ എന്നെ മറന്നുവല്ലോ: കുറെ റബ്ബറും മററും അയക്കേണമെന്നു ആവശ്യപ്പെട്ടപ്പോൾ അതിന്നു മറുപടിയും കൂടി നിങ്ങൾ അയച്ചിട്ടില്ല.

ടോ: റബ്ബർ വ്യവസായം മുമ്പിലത്തെപ്പോലെ നടത്താൻ സാധിക്കുന്നില്ല. ബർമ്മ കിട്ടിയെന്നല്ലാതെ, ബർമ്മാക്കാർ സ്വാധീനമായെന്നു പറഞ്ഞുകൂടാ. യുദ്ധത്തിന്നും കൈവേലക്കും കൂടി ആളുകളുണ്ടോ എന്നു സംശയമാണ്.

ഹി: തടവുകാരായി പിടിച്ച ചൈനക്കാരില്ലേ?

ടോ: അവരെ അവിടത്തെ ആവശ്യത്തിന്നു തന്നെ മതിയാകുന്നില്ല

ഹി: നിങ്ങൾ ന്യായം പറഞ്ഞു ജയിക്കുവാനാണോ വന്നിരിക്കുന്നതു? പൌരസ്ത്യരെല്ലാം അതിന്നു മിടുക്കന്മാരാണ്. പ്രവൃത്തി കണ്ടാലെ ഞാൻ വിശ്വസിക്കുകയുള്ളൂ.

ടോ: അങ്ങിനെയൊരു സാമർത്ഥ്യം ഞങ്ങൾക്കുണ്ടെങ്കിൽ അതു പഠിച്ചതു പാശ്ചാത്യരിൽ നിന്നാണ്. യുദ്ധം കഴിഞ്ഞാലും ആ വ്യത്യാസബുദ്ധി പോകുമെന്നു തോന്നുന്നില്ല. അങ്ങിനെയാണെങ്കിൽ, നമ്മുടെ കൂട്ടുകെട്ടു പിരികയാണ് നല്ലതു്. അവനവന്റെ കാര്യം അവനവൻ നോക്കുകയാണ് വേണ്ടതു്.

ഹി: എനിക്കും ക്രമേണ ആ അഭിപ്രായമാണ് മനസ്സിലാകുന്നതു് സഹായം വല്ലതും എനിക്കു ചെയ്യേണ്ടതു് ഇപ്പോഴാണ്. രണ്ടു ഭാഗത്തു നിന്നുമുള്ള അടി തടുക്കാൻ വിഷമിക്കുന്നുണ്ട്. നിങ്ങൾക്കു സഹായം ചെയ്യാൻ സാധിക്കുകയുമില്ല അതുകൊണ്ടു സാധിക്കാത്ത കാര്യങ്ങൾ സംസാരിച്ച് സമയം കളയേണ്ടാ. റഷ്യൻ കരടിയുടെ ചാട്ടം അസാദ്ധ്യമായിരിക്കുന്നു.

ടോ: എന്നാൽ ഞാൻ താമസിക്കുന്നില്ല. അപ്പോൾ നമ്മുടെ "അച്ചുതണ്ടു യോഗം" എന്നൊന്ന് ഇല്ലെന്നു ഇനിമേലിൽ കരുതിക്കൊള്ളാം.

ഹി: അങ്ങിനെ വേണമെന്നില്ല. കഴിവുകൾ അന്യോന്യം അറിഞ്ഞു പെരുമാറണം.

ടോ: എന്നാൽ ഇനി ഇപ്പോഴൊന്നും പറയുന്നില്ല.

ഹി: ഓ—

(അങ്ങിനെ സുഖമില്ലാതെ അവർ പിരിഞ്ഞു. ഞാൻ കണ്ണും മിഴിച്ചു.)

# പാലാട്ടു കോമൻ

[ഡാക്ടർ ചേലനാട്ടു് അച്യുത മേനോൻ, പി.എച്ച്.ഡി. (ലണ്ടൻ)]

(ഒരു പുരാതന കേരളീയ യോദ്ധാവിന്റെ ചരിത്രാംശം)

## രംഗം I

(കല്പുള്ളി പാലാട്ടു വീട്ടു—പൂമുഖം—കൊങ്കിയമ്മ മുറുക്കിക്കൊണ്ടിരിക്കുന്നു. കുരുക്കൾ പ്രവേശിക്കുന്നു)

കൊങ്കിയമ്മ: അപ്പോൾ കുരുക്കൾ ഇന്നുതന്നെ പോവാനുറച്ചു അല്ലെ?

കുരുക്കൾ: ഉവ്വ്; കോമനെ പഠിപ്പിച്ചതിൽ എനിക്കു വലിയ കൃതാർത്ഥതയുണ്ടമ്മേ!

കൊ. അ.: കുരുക്കളെ! അമ്മമാർക്ക് മക്കളു് നന്ന് എന്നു് പറഞ്ഞു കേൾക്കുന്നതിലധികം സന്തോഷം വേറെ നമിച്ചു. കാക്കയ്ക്കും തൻ പിള്ള പൊൻപിള്ളയല്ലേ? തറവാട്ടു പാരമ്പര്യം നോക്കിയാലും കോമൻ മറിച്ചുവരാൻ തരമില്ല എങ്കിലും അവന്റെ പയററു മുഴുവനായി എന്നു പറഞ്ഞതു എനിക്കത്ര വിശ്വാസമാവുന്നില്ല. അതുകൊണ്ടു കുരുക്കൾ കുറേ കൂടി കഴിഞ്ഞിട്ടു പോയാൽ പോരെ? കുരുക്കൾക്കു വലിയ കഷ്ടപ്പാടാണു് ഈ കല്ലറയിൽ എത്ര കാലമാണു് ഇങ്ങിനെ കഴിച്ചുകൂട്ടാ? അതൊക്കെ ഞാൻ ഓർക്കായ്കയുമല്ല. എങ്കിലും ......

കുരു: അമ്മേ! കോമന്റെ പയററു് പൂർത്തിയായിരിക്കുന്നു. ഇനി എനിക്കൊന്നും പഠിപ്പിക്കാനില്ല. അവനോടു എനിക്കാണു് വേണമെങ്കിൽ വല്ലതും ഇനി പഠിക്കാനുണ്ടാവുക. അവൻ അത്ര കേമനാണു്. അമ്മക്കു അതൊക്കെ മനസ്സിലാവാതിരിക്കാൻ വഴിയില്ല. അമ്മ അങ്ങിനെയുള്ള ഒരു വലിയ തറവാട്ടിലേയല്ലേ? പിന്നെ, ഇവിടുത്തെ താമസത്തെപ്പററിയാണെങ്കിൽ എനിക്കു കല്ലറ ഒരു സ്വർഗ്ഗമായിട്ടാണു് തോന്നിയതു്. പത്തുകൊല്ലം ഒരു പത്തു മാസം പോലെയേ തോന്നിയുള്ളു. ആവക ബുദ്ധിമുട്ടൊന്നും വിചാരിച്ചല്ല ഞാൻ യാത്ര പറയാനൊരുപ്പെട്ടതു്. എന്നതുകൊണ്ടു് ഇനി ഇവിടെ ഒരാവശ്യവുമില്ല.

കൊ. അ.: അയ്യോ കുരുക്കൾ പോയാൽ അപ്പോൾ അവൻ പുറത്തേക്കു ചാടും. നിങ്ങൾ ഉണ്ടാവുകകൊണ്ടാണു് അവൻ ഇങ്ങിനെ അടങ്ങി ഒതുങ്ങി ഇരിക്കുന്നതു്.

കുരു: രാജ്യം മുഴുവനും പറന്നെത്തേണ്ടുന്ന പക്ഷി, കൂട്ടിൽ എത്രകാലം ഇരിക്കും? ഇനി പുറത്തു ചാടിയാലും വലിയ വൈഷമ്യം ഒന്നുമില്ല.

കൊ. അ.: പഴേ കഥ കുരുക്കൾക്കു മുഴുവൻ അറിഞ്ഞുകൂടല്ലോ. അതാണു് ഇങ്ങിനെ പറഞ്ഞതു്. കുല തൊടാറായി അപ്പോഴേക്കു രളപ്പററാമോ, കുരുക്കളെ? ഇവനെ ഞാൻ എത്ര പ്രയാസപ്പെട്ടിട്ടാണു് വളർത്തിയതു് എന്നു കേട്ടാൽ കുരുക്കൾക്കു എല്ലാം ബോദ്ധ്യമാവും.

കുരു: ചിലതൊക്കെ ഞാൻ കേട്ടിട്ടുണ്ടു്.

കൊ. അ.: എന്നാൽ ആരും കേൾക്കാത്തതു ചിലതുകൂടി ഉണ്ടു്. അതു കുരുക്കളോടുകൂടി ഞാൻ പറഞ്ഞിട്ടില്ല. കുരുക്കളെ, ഞാൻ പത്തു പെററു. ആദ്യത്തെ ഒമ്പതിനേയും കുടിപ്പക കാരണം തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാരു് എന്റെ ഈ കണ്ണിന്റെ മുമ്പിലിട്ടു കൊന്നു. (കൊങ്കിയമ്മ കണ്ണു തുടക്കുന്നു) ശേഷിപ്പുള്ള ഒന്നാണു് ഈ കോമൻ.

കുരു: അപ്പോൾ ഈ കുട്ടിയെ എങ്ങിനെയാണു് രക്ഷിച്ചതു അമ്മെ?

കൊ. അ.: ആ, അതാണു് ഞാൻ പറയാൻ പോണതു്. ആപത്തു വരുമ്പോൾ കൂട്ടത്തോടെയല്ലെ, കുരുക്കളെ? കോമനെ പത്തും തികയാറായപ്പോൾ അവന്റെ അച്ഛൻ മരിച്ചു. എനിക്കു് ആധി ഒന്നുകൂടി വർദ്ധിച്ചു. വലിയ വിചാരവുമായി. ഏതെങ്കിലും ചില കള്ളപ്പണികൾ എടുക്കാമെന്നു നിശ്ചയിച്ചു്, പ്രസവിച്ച ഉടനെ, വയററാട്ടിയുടെ ഒറേറാട്ടു കൂടി, പെററതു പെൺകുട്ടിയാണെന്നു ഞാൻ പരസ്യമാക്കി. ഒന്നിനെയെങ്കിലും കണ്ടു കണ്ണടയ്ക്കാൻ സാധിച്ചാൽ ആയല്ലോ എന്നുള്ള അതിമോഹംകൊണ്ടാണു്. കുറുപ്പന്മാർ എന്നിട്ടും അവരുടെ പതിവു് തെററിച്ചില്ല. അവർ വന്നു. ഭാഗ്യത്തിന്നു അയൽവക്കത്തെ ചിരുതയും ഞാനും ഒരേ ദിവസം തന്നെയാണു് പ്രസവിച്ചതു്. കുറുപ്പന്മാർ വരുന്നുണ്ടെന്നുള്ള വിവരം കിട്ടിയപ്പോൾ അവളുടെ പെൺകുട്ടിയെ എന്റെ ഈ മോന്റെ സ്ഥാനത്തു കിടത്തി കാണിച്ചുകൊടുത്തു. ആ ആപത്തിൽനിന്നു രക്ഷപ്പെട്ടു. ഇങ്ങിനെ വളരെ പ്രാണദണ്ഡം കഴിച്ചാണു് കുരുക്കളെ, ഇങ്ങിനെ ഒന്നിനെ കാണാൻ ഇടയായതു് ഇപ്പോൾ സന്താനദുഃഖത്തിന്റെ ശക്തി പെററ തള്ളമാർക്കേ കുരുക്കളേ, മുഴുവൻ അറിയാവൂ. (വീണ്ടും കണ്ണീർ തുടക്കുന്നു.)

കുരു: അമ്മെ, കോമൻ അങ്ങിനെ മരിക്കാൻ തീർന്ന ഒരു കുട്ടിയല്ല. കോമനെപ്പോലെ കയ്യും മെയ്യും എല്ലാം ഒത്തിട്ടുള്ള ഒരു കുട്ടിയെ ഞാൻ ഇതേവരെ കണ്ടിട്ടില്ല. അങ്ങിനെ എല്ലാം തികഞ്ഞിട്ടുള്ള ഒരു ആളെ ഈശ്വരൻ അത്രവേഗം നശിപ്പിക്കുമോ? അതുകൊണ്ടു അവന്റെ കാര്യത്തിൽ അമ്മ ഒട്ടും വ്യസനിക്കേണ്ടതില്ല. തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാർ പത്തു പേരല്ല, ഒമ്പതിനായിരം പേർ വന്നോട്ടെ, എന്നാലും അവന്നു പുല്ലാണു്. ആട്ടെ, തച്ചോളി പാലാട്ടുകാരും നിങ്ങളും ഒന്നാണല്ലോ, എന്നിട്ടു് അവിടുത്തെ ഒതേനൻ മൂപ്പരു് ഈ ആപത്തുകളിൽ ഒന്നിലും സഹായിക്കാത്തതു് എന്താണു്? അദ്ദേഹം വിചാരിച്ചാൽ ഈ കുറുപ്പന്മാരെ അല്ല, അവരുടെ അപ്പന്മാരെക്കൂടി ഒതുക്കുവാൻ കഴിയുമല്ലോ.

കൊ. അ.: ആ, കുരുക്കൾ ഇതേവരെ ഇതു് ചോദിക്കാതിരുന്നതു് എന്തെന്നെ എനിക്കു അത്ഭുതമുള്ളൂ. എന്നാൽ ഉള്ളതു പറയാലോ കുരുക്കളെ. എന്റെ സംബന്ധം മുതല്ക്കു് ആങ്ങളയും ഞാനും തമ്മിൽ നല്ല സുഖമില്ല.

കുരു: അതെന്താതു്?

കൊ. അ.: കോമന്റെ അച്ഛനും ഞാനും ആയിട്ടുള്ള പരിചയം നന്നെ കുട്ടിക്കാലത്തെ തുടങ്ങിയതാണു്. അദ്ദേഹം സംബന്ധത്തിന്നു് ആലോചിച്ചപ്പോൾ കാരണവർ തടഞ്ഞു. കാരണം അദ്ദേഹത്തിന്നു് അവസ്ഥയും ആഭിജാത്യവും മററും പോരെന്നായിരുന്നു. സ്നേഹിച്ചവർ ഇതു വല്ലതും നോക്കുമോ, കുരുക്കളേ?

കുരു: ആ, അഭിമാനികളായ തച്ചോളി തറവാട്ടുകാർക്കു മുഷിയാൻ ഇതൊക്കെ ധാരാളം മതിയല്ലൊ. ഈ സംബന്ധം നിമിത്തം പിന്നീടു അദ്ദേഹം ഒന്നും അന്വേഷിക്കാറില്ലായിരിക്കാം അല്ലെ?

കൊ. അ.: ഇല്ല. സംബന്ധം കഴിഞ്ഞതിൽ പിന്നെ ആങ്ങള ഇവിടെ വന്നിട്ടില്ലെന്നു പറഞ്ഞുകൂട. കോമനെ പ്രസവിച്ച ആയിടെ കുട്ടിയെ കാണാൻ ആങ്ങളയും ഭാര്യയുംകൂടെ ഇവിടെ വന്നിരുന്നു. കോമന്റെ അച്ഛൻ മരിച്ചപ്പോഴല്ലൊ. അതുകൊണ്ടായിരിക്കാം വന്നതു്. ഏതായാലും ഇത്രയൊക്കെ ആയതല്ലെ. ആകെ മുങ്ങിയാൽ കുളിരില്ല എന്നു് ഉറച്ചു. "കുട്ടി മരിച്ചുപോയി" എന്നു പറഞ്ഞു് ആങ്ങളേയും കാണിക്കാതെ കഴിച്ചു.

കുരു: ഓ, നിങ്ങളും തറവാട്ടുപാരമ്പര്യം കാണിക്കാതിരിക്കില്ലാ! അതുകൊണ്ടു് ഇതിലും അത്ഭുതമില്ല. ഇത്രയും സംഗതികൾ എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. ഏതായാലും കാരണവരായിട്ടു് രഞ്ജിപ്പായിരിക്കാൻ തന്നെയാണു് നോക്കേണ്ടതു് അതു കോമപ്പൻ സാധിച്ചുകൊള്ളും.

കൊ. അ.: ശരിയാണു്, കുരുക്കളെ. ആരും സഹായമില്ലാതായപ്പോൾ ആദ്യത്തെ രസക്ഷയം വകവെക്കാതെ എന്നെ സഹായിക്കാൻ തന്നെയായിരിക്കണം കാരണവർ വന്നതു്. എന്നാൽ അന്നത്തെ അരിശവും അഭിമാനവും കൊണ്ടു് ഞാൻ അതൊന്നും അത്ര [illegible]ല്ല ചെയ്തുകഴിഞ്ഞപ്പോൾ വേണ്ടിയിരുന്നില്ല എന്നും തോന്നി. അതുകൊണ്ടെന്താണു് ഫലം? ആട്ടെ, കുരുക്കൾ ആങ്ങളയായിട്ടു് പരിചയമല്ലെ?

കുരു: അതെ. ഉള്ളതുണ്ടു് എനിക്കദ്ദേഹത്തെ വലിയ ബഹുമാനവുമാണു്. എന്താ ഇതു് ചോദിക്കാൻ കാരണം?

കൊ. അ.: ഇല്ല, ആങ്ങളെ കാണുമെങ്കിൽ വാസ്തവ സംഗതികളൊക്കെ ഒന്നു ധരിപ്പിച്ചു മേലിലെങ്കിലും ദ്വേഷ്യം കൂടാതെ കഴിപ്പാൻ മാർഗ്ഗമുണ്ടോ എന്നു നോക്കാനാണു്.

കുരു: അതിൽ ഞാൻ കഴിയുന്നതും ശ്രമിച്ചോളാം. പോകുന്ന വഴിക്കു തന്നെ അതു സാധിച്ചില്ലെങ്കിലും അധികം താമസിയ്ക്കാതെ അദ്ദേഹത്തെ ഞാൻ ചെന്നു കാണും. വേണ്ടതൊക്കെ പ്രവൃത്തിക്കുകയും ചെയ്യും.

കൊ. അ.: എന്നാൽ കുരുക്കൾ പോയാലും കൂടെക്കൂടെ വരണെ.

കുരു: അതമ്മ അത്ര പറയണോ? കോമനെ വിട്ടുപിരിയാൻ എനിക്കും മനസ്സുകേടു് ഇല്ലാതില്ല. പുത്രവാത്സല്യം പോലെ ശിഷ്യവാത്സല്യവും വലുതുതന്നെയാണു്, അമ്മെ. (രണ്ടു പേരുടേയും കണ്ണിൽ വെള്ളം നിറയുന്നു.)

കൊ. അ.: എന്നാൽ അങ്ങിനെ ആട്ടെ.

(കർട്ടൻ)

## രംഗം II

കല്ലറ.

(കൊങ്കി അമ്മ കയ്യിൽ പാല് എടുത്തു് കോമൻ ഒന്നിച്ചു് പ്രവേശിക്കുന്നു.)

കൊ. അ.: ഈ പാല് കുടിച്ചോ കോമാ.
(കോമൻ പാത്രം വാങ്ങി.)

കോമൻ: എന്താണമ്മെ! എന്നെ ഈ കല്ലറയിൽനിന്നു പുറത്തു കടക്കുവാൻ സമ്മതിക്കാത്തതു്? പയററ പൂൎത്തിയായാൽ പുറത്തേക്കു പോവാൻ സമ്മതിക്കുമെന്നല്ലെ അമ്മ പറഞ്ഞിരുന്നതു്. കുരുക്കൾ പോയിട്ടു തന്നെ ദിവസം കുറെയായി. ഇനി അമ്മ പുറത്തു വല്ല ദിക്കിലേക്കും പോകുമ്പോൾ ഞാനും കൂടെവരും.

കൊ. അ.: കുട്ടീ, നീ എന്റെ കൂടെവരുന്നതു് എനിക്കു സന്തോഷം തന്നെയാണു്. പക്ഷെ നിന്നെ അങ്ങനെ വിടാൻ ഇപ്പോൾ തരമില്ല.

കോമൻ: എന്തുകൊണ്ടു്?

കൊ. അ.: അതു് ഒരു സ്വകാൎയ്യമാണു്, അതു നിന്നോടു പറയേണ്ട കാലമായിട്ടില്ല.

കോമൻ: എന്റെ കുട്ടിത്തം കഴിയില്ലെ അമ്മേ? എന്നോടു പറഞ്ഞാൽ ഞാൻ ആരെയും അറിയിക്കില്ല. എന്നാൽ പോരെ? (എന്നു പറഞ്ഞു് അമ്മയുടെ കഴുത്തിൽ പിടികൂടുന്നു.)

കൊ. അ.: ഞാൻ കാലമായാൽ കുട്ടിയോടു പറയാം. (എന്നു പറഞ്ഞു് ഒരുമ്മ കൊടുക്കുന്നു.)

കോമൻ: എന്താ അമ്മെ, ആ കാൎയ്യം എന്നോടു പറയില്ലെ? എന്നാൽ ഞാൻ അമ്മയോടു മിണ്ടില്ല. അമ്മ കൊണ്ടുവന്ന പാല് ഞാൻ കുടിക്കുകയുമില്ല.

കൊ. അ.: (കോമനെ കെട്ടിപ്പിടിച്ചു് ഒന്നു കൂടി അരികത്തിരുത്തി.) മോനേ! നിന്റെ ഉത്സാഹം കുറയ്ക്കുവാൻ എനിക്കു ധൈൎയ്യം വരുന്നില്ല. എട്ടാമ്പത്തെണ്ണം പോയി, ഒടുവിൽ കണ്ടതാണു് നിന്നെ. പുറത്തു വിട്ടാൽ നിന്നെയും കാണാതെ പോയാലൊ എന്നു എനിക്കു ഭയമുണ്ടു്.

കോമൻ: ഞാൻ അമ്മയെ വിട്ടുപോവോ?

കൊ. അ.: നീ പോകുമെന്നല്ല ഭയം. നിന്നെ ആരെങ്കിലും എടുത്തുകൊണ്ടുപോയാലൊ?

കോമൻ: എന്നെ ആൎക്കാണു് ആവശ്യം അമ്മേ?

കൊ. അ.: നിന്നെ കണ്ടാൽ ആൎക്കാണു് വേണ്ടാത്തതു്. എന്റെ മോൻ പാല് കുടിക്കു് (പാത്രം മകന്റെ മുമ്പിലേക്കു നീക്കി വെക്കുന്നു.)

കോമൻ: അമ്മ കളി പറയാണു്. എന്റെ സമ്മതം കൂടാതെ ആരെങ്കിലും എന്നെ കൊണ്ടുപോവോ?

കൊ. അ: കൊണ്ടുപോവാൻ വന്ന ആൾ സമ്മതം ചോദിക്കോ, മോനേ?

കോമൻ: എന്റെ സമ്മതം കൂടാതെ ഒരാൾ എന്നെ തൊടട്ടെ. അപ്പോൾ കാണിച്ചു കൊടുക്കാം അതിന്റെ ഫലം.

കൊ. അ.: അങ്ങിനെ ഫലം കാണിച്ചുകൊടുക്കുവാനുള്ള മിടുക്കു് എന്റെ കുട്ടിക്കുണ്ടാവുന്നതുവരെ ഈ കല്ലറയിൽ ഇരിക്കേണമെന്നാണു് അമ്മ പറയുന്നതു്. അതുവരെ നമുക്കു ചിലരെ പേടിക്കേണ്ടതുണ്ടു്. (അമ്മ പാല് എടുത്തു കോമനു കുടിക്കുവാൻ കാണിക്കുന്നു.)

കോമൻ: ഞാൻ എടുത്തു കുടിച്ചോളാം. നാം എന്തിനാണു് മറെറാരാളെ പേടിക്കുന്നതു്? അമ്മ മുഴുവൻ പറയുന്നില്ല.

കൊ. അ.: കുട്ടീ, ഞാൻ ഇനിയും നിന്റെ ക്ഷമ പരീക്ഷിക്കുന്നില്ല. നാം കുടിപ്പകക്കാരാണു്. തൊണ്ണൂറാം വീട്ടിലെ കുറുപ്പന്മാർ ഇവിടെ ഉണ്ടാകുന്ന ആൺകുട്ടികളെ ഒക്കെ കൊല്ലാൻ ഒരുങ്ങീട്ടുള്ളവരാണു്. അവരുടെ കണ്ണു് മറയ്ക്കാനാണു് ഞാൻ എന്റെ കുട്ടിയെ ഇങ്ങിനെ കല്ലറയിൽ ആക്കിയതു്. അവരോടു പൊരുതി നില്ക്കാനുള്ള കെല്പും, സാമൎത്ഥ്യവും നിനക്കുണ്ടായതിന്നുശേഷം നിനക്കു പുറത്തേക്കുവരാം. ഇതാണു അമ്മക്കു പറയാനുള്ളതു്

കോമൻ: (അല്പം ആലോചിച്ചു്) അമ്മ ഒട്ടും ഭയപ്പെടേണ്ട. ഞാൻ കുട്ടിയാണെങ്കിലും ചില കാൎയ്യങ്ങളെല്ലാം എന്റെ മനസ്സിൽ ഉറച്ചുവരുന്നുണ്ടു്. എന്നെ കൊല്ലാൻ ഈശ്വരനല്ലാതെ ആരും ഇല്ലെന്നാണു് എന്റെ ഉറപ്പു്. എന്നാലും അമ്മയുടെ ഇഷ്ടം തെററി ഞാൻ നടക്കുന്നില്ല. ആട്ടെ, അമ്മെ! വല്ലപ്പോഴും ഞാൻ പടിക്കലോളമോ മറേറാ പോയാൽ അമ്മ ദേഷ്യപ്പെടുകയില്ലല്ലൊ.

കൊ. അ.: അടക്കാമായിരിക്കുമ്പോൾ മടിയിൽ വെക്കാം. കവുങ്ങായാൽ എന്തു ചെയ്യാം? നിന്റെ ഇഷ്ടംപോലെ ചെയ്യു്. ഇന്നു് മുപ്പട്ടു് വെള്ള്യാഴ്ചയാണു്. ഞാൻ ഒന്നു കുളിക്കട്ടെ. ആ പാല് ആറി തണുത്തു (എന്നു പറഞ്ഞുപോകുന്നു.)

(കോമൻ സാവധാനത്തിൽ പാലുകുടിച്ചു പുറത്തേക്കിറങ്ങുന്നു.)

## രംഗം III

(കോമൻ അത്താണിപ്പടിയിന്മേലിരിക്കുന്നു)

തൊണ്ണൂറാം വീട്ടിലെ ഉണിച്ചിരുത മുമ്പിലും, ഉണ്ണി പിമ്പിലുമായി കുളിപ്പാനുള്ള വേഷത്തിൽ പോകുന്നു. കോമനും ഉണ്ണിയും പരസ്പരം നോക്കുന്നു.

ഉണിച്ചിരുത: (തിരിഞ്ഞു്) നിന്റെ കാല് ആരെങ്കിലും പിന്നോക്കം വലിക്കുന്നുണ്ടോ?

ഉണ്ണി: ഏടത്തിയെപ്പോലെ പറന്നെത്തേണ്ടുന്ന കാൎയ്യമൊന്നും എനിക്കില്ല.

ഉണിച്ചിരുത: എന്നാൽ നീ മെല്ലെവാ. എനിക്കു കുളിച്ചുപോവാൻ കുറെ തിരക്കുണ്ടു് (ധൃതിപ്പെട്ടു നടന്നുപോകുന്നു. ഉണ്ണി ഒളിച്ചു കോമനെ കടാക്ഷിച്ചു്, സാവധാനത്തിൽ പോകുന്നു. കോമൻ അവർ പോയ വഴിയെ നോക്കിക്കൊണ്ടിരിക്കുന്നു.)

കൊ. അ: (പ്രവേശിച്ചിട്ടു്) ഒരു നൊടി നേരമെ ഞാൻ ഇവിടെ ഇല്ലാതിരുന്നുള്ളു. അപ്പോഴേക്കു എന്തെല്ലാം അനൎത്ഥങ്ങളാണു് വരുത്തിവെച്ചതു മോനെ! നിന്നോടു ആരെ പുറത്തുവരാൻ പറഞ്ഞതു്?

കോമൻ: (ചിരിച്ചുകൊണ്ടു്) ആരും പറഞ്ഞില്ല. ഞാൻ താനെ വന്നു ഞാൻ പറഞ്ഞില്ലെ അമ്മയോടു പടിക്കലോളം പോവുമെന്നു്. ആട്ടെ ആരാണു് ആ പോയതു അമ്മെ?

കൊ. അ.: ആരെങ്കിലും അതിലെ പൊയ്ക്കോട്ടെ. നിനക്കെന്താ അതറിഞ്ഞിട്ടു കാൎയ്യം?

കോമൻ: അറിയണം. അതുതന്നെ കാൎയ്യം. അമ്മ പറയില്ലെ? എന്നാൽ ഞാൻ അവരോടു പോയി ചോദിക്കും.

കൊ. അ.: നോക്കു ഒരനൎത്ഥം. ഈ സമയത്തു ആ ശനികളെന്തിനാണു് ചാടിവീണതു്?

കോമൻ: അവരെന്താപിഴച്ചതു് അമ്മ? എന്താ ഇത്രക്കുണ്ടാകൊണ്ടു് ഒരനൎത്ഥം വന്നതു്?

കൊ. അ.: എന്റെ മോനേ, ഇനി പറഞ്ഞിട്ടു ഒരു കാൎയ്യവുമില്ല, വരുമ്പോലെ എല്ലാം വരട്ടെ.

കോമൻ: ഇത്രയൊക്കെ വ്യസനിക്കുവാൻ ഇവിടെ എന്താണുണ്ടായതു്? അവരാരാണു് എന്നു ചോദിച്ചതിന്നു അമ്മ മറുപടി പറഞ്ഞില്ലല്ലൊ.

കൊ. അ.: എന്റെ കുട്ടീ! ഇനി അതറിയാഞ്ഞിട്ടു് എന്റെ മോനു സ്വൈരക്കേടു വേണ്ട. കുറച്ചു മുമ്പു ഞാൻ പറഞ്ഞില്ലേ ഒരു കുടിപ്പകയുടെ കാൎയ്യം; ആ വീട്ടിലെയാണു് ആ പെൺകിടാങ്ങൾ. നീ അങ്ങോട്ടു ചെന്നു അന്വേഷിക്കാനൊന്നും ബുദ്ധിമുട്ടേണ്ട. അവർ ഇപ്പോൾ ഇങ്ങോട്ടെത്തും. ഉണിച്ചിരുത നുണയുണ്ടയാണു്. പിന്നെ കളിയും ചിരിയും!! (കൊങ്കിയമ്മ കരയുവാൻ തുടങ്ങുന്നു)

കോമൻ: അമ്മേ! അമ്മ കരയരുതു്.

കൊ. അ.: മോനെ! നിന്നെ ഞാൻ ഇതുവരെ അവരുടെ കണ്ണുമറച്ചു. നിന്നേയും അവർ കണ്ടംതുണ്ടമാക്കുന്നതു ഞാൻ കാണേണ്ടേ? (വീണ്ടും കരയുന്നു.)

കോമൻ: അമ്മ ഇങ്ങിനെ കരയരുതു്. മഹാപരാക്രമിയായ എന്റെ അച്ഛനെ ഓൎത്തിട്ടെങ്കിലും അമ്മ ധൈൎയ്യത്തോടിരിക്കണം. അമ്മയുടെയും അച്ഛന്റെയും അനുഗ്രഹമുണ്ടെങ്കിൽ കുടിപ്പകക്കാർ ഒരായിരം പേർ വന്നാലും ഞാൻ തടുത്തോളാം. അതിലക്കു അമ്മ എന്നെ ഉത്സാഹിപ്പിക്കയാണു് വേണ്ടതു്. അമ്മ ഇങ്ങിനെ കരയാൻ തുടങ്ങിയാൽ എനിക്കു ധൈൎയ്യക്ഷയവും തുടങ്ങും. ജനിച്ചാൽ ഒരിക്കൽ മരിക്കാതെ തരമില്ല. ഞാൻ മാനത്തോടെ മരിച്ചാൽ എനിക്കും, അമ്മക്കും, തറവാട്ടേക്കും, ശ്രേയസ്സായി. തൊണ്ണൂറാം വീട്ടുകാർ വരട്ടെ. ഗുരുവിന്റെ അടുക്കൽനിന്നു പഠിച്ചവിദ്യക്കു ഫലമുണ്ടോ എന്നു പരീക്ഷിച്ചു നോക്കാലൊ.

(കൊങ്കിയമ്മ കണ്ണീർ തുടച്ചു്, "ഈശ്വരോ രക്ഷതു" എന്നു പറഞ്ഞു അകത്തേക്കു പോകുന്നു. കോമനു വീണ്ടും പടിക്കൽ തന്നെ ഇരിക്കുന്നു. ഉണിച്ചിരുത കുളികഴിഞ്ഞു അതിലെ പോകുന്നു. കോമനെ സൂക്ഷിച്ചു നോക്കുന്നു)

കോമൻ: (എഴുന്നേററു് ആത്മഗതം) ഈ പോയവൾ അമ്മ പറഞ്ഞ ആ ഉണിച്ചിരുതയായിരിക്കാം. എന്നാൽ അനുജത്തി എവിടെ? ചിറയിലോളം ഒന്നുപോയി നോക്കിയാലെന്താണു് എന്നു പറഞ്ഞുപോകുന്നു.

(കുട്ടൻ) (തുടരും)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.